VOL NO: 10 I ISSUE 11

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 MARCH 14 I ₹10



# സൈബർ തട്ടിപ്പും പ്രബുദ്ധ കേരളവും

കൃത്യമായ സെക്യൂരിറ്റി സാങ്കേതിക വിദ്യയാണ് ഓൺലൈൻ സംവിധാനങ്ങളുടെ ഏറ്റവും വലിയ പ്രത്യേകത. എന്നാൽ അതിനെ മറികടക്കുന്ന സൈബർ തട്ടിപ്പുകളാണ് ഇന്ന് ആ മേഖലകളിൽ നടന്നുകൊണ്ടിരിക്കുന്നത്. പ്രബുദ്ധരെന്നും സാക്ഷരരെന്നും സ്വയം വിശേഷിപ്പിക്കുന്ന മലയാളികളെയാണ് ഇതിൽ ഏറ്റവും കൂടുതൽ ഇരയാക്കുന്നത്. ആർത്തി പൂണ്ട മാനുഷിക ത്വരകളാണ് ഇരകളെയും വേട്ടക്കാരെയും പലപ്പോഴും സൈബർ ക്രൈമുകളിലേക്ക് വഴിനടത്തുന്നത് എന്ന കാര്യം പറയാതെ വയ്യ!

## സമസ്ത ‘കേരള യാത്രകൾ’ സമൂഹത്തിന് സമ്മാനിച്ചതെന്ത്?

## യുദ്ധഭീതിയിൽ ഒരു ഈദുൽ ഫിത്വ്ർ!

## റമദാൻ വിടപറയുമ്പോൾ

നൗഫൽ ചെറുമുക്ക് ● ഡോ. ടി.കെ യൂസുഫ് ● സമീർ മുണ്ടേരി




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

# 477

**നേർപഥം** വാരിക

2026 മാർച്ച് 14
1447 റമദാൻ 24
പുസ്തകം 10 / ലക്കം 11

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**


Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**





കവർ സ്റ്റോറി




**10** സൈബർ തട്ടിപ്പും പ്രബുദ്ധ കേരളവും
നൗഫൽ ചെറുമുക്ക്


കൃത്യമായ സെക്യൂരിറ്റി സാങ്കേതികവിദ്യയാണ് ഓൺലൈൻ സംവിധാനങ്ങളുടെ ഏറ്റവും വലിയ പ്രത്യേകത. എന്നാൽ അതിനെ മറികടക്കുന്ന സൈബർതട്ടിപ്പുകളാണ് ഇന്ന് ആ മേഖലകളിൽ നടന്നുകൊണ്ടിരിക്കുന്നത്. പ്രബുദ്ധരെന്നും സാക്ഷരരെന്നും സ്വയം വിശേഷിപ്പിക്കുന്ന മലയാളികളെയാണ് ഇതിൽ ഏറ്റവും കൂടുതൽ ഇരയാക്കുന്നത്. ആർത്തി പൂണ്ട മാനുഷിക ത്വരകളാണ് ഇരകളെയും വേട്ടക്കാരെയും പലപ്പോഴും സൈബർ ക്രൈമുകളിലേക്ക് വഴിനടത്തുന്നത് എന്ന കാര്യം പറയാതെ വയ്യ!


**04** കാഴ്ച
പള്ളികൾ കുഞ്ഞുങ്ങളുടെത് കൂടിയാണ്
നുബ്‌ല എം

**05** മുഖമൊഴി
യുദ്ധഭീതിയിൽ ഒരു ഈദുൽ ഫിത്വ്ർ!

**06** ലേഖനം
പിശുക്ക്:
ഒരു ഇസ്‌ലാമിക വിശകലനം
സമീർ മുണ്ടേരി

**08** ലേഖനം
ഇസ്‌ലാമിക വൈദ്യത്തിന്റെ മാനുഷിക മാനങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**17** സംശയനിവാരണം
ഫിത്വ്ർ സകാത്ത്
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

**18** ബാലപഥം
പെരുന്നാൾ സമ്മാനം
അഫ്നിദ ബിൻത് ലത്തീഫ്,വടുതല

**21** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതുന്നംല്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**24** ആരോഗ്യപഥം
ഹൃദയാഘാതത്തെ തിരിച്ചറിയുക
ഡോ.യൂസുഫലി

**25** കവിത
വിട പറയുന്ന റമദാൻ
നസീമ വാടാനപ്പള്ളി

**26** വിമർശനം
സമസ്ത 'കേരള യാത്രകൾ' സമൂഹത്തിന് സമ്മാനിച്ചതെന്ത്?
മൂസ സ്വലാഹി കാര

**29** ലേഖനം
റമദാൻ വിടപറയുമ്പോൾ
റോഷൻ പുനലൂർ

**32** ലേഖനം
ക്വുർആൻ; മനസ്സിന്റെ മരുന്നും ജീവിതത്തിന്റെ വെളിച്ചവും
ഇഅ്ജാസ് ബിൻ ഇസ്മാഈൽ

**34** ഹദീസ് പാഠം
വിശ്വാസിയുടെ ജീവിതത്തിൽ പശ്ചാത്താപത്തിന്റെ പ്രസക്തി
ഉസ്മാൻ പാലക്കാഴി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



# പള്ളികൾ കുഞ്ഞുങ്ങളുടെത് കൂടിയാണ്

നുബ്‌ല എം

റമദാനായാൽ ജമാഅത്ത് നമസ്‌കാരത്തിലും തറാവീഹ് നമസ്‌കാരത്തിലും പങ്കെടുക്കാനായി കൂടുതലായും സ്ത്രീകൾ പള്ളിയിലെത്തും. സ്ത്രീകൾ വരുമ്പോൾ ചെറിയ കുട്ടികളും ഉണ്ടാകുമെന്നത് സ്വാഭാവികം. കുട്ടികൾ വന്നാൽ കളിയും ചിരിയും കരച്ചിലുമൊക്കെയുണ്ടാകുമല്ലോ.

ഉമ്മമാർ വീട്ടുജോലിയും വീട്ടിലെ മറ്റ് അംഗങ്ങളുടെ കാര്യവും നോക്കി ചെറിയ കുഞ്ഞിനെയും എടുത്തു തറാവീഹ് നമസ്‌കാരത്തിനായി വരുന്നവരാണ്. അവരുടെ മക്കൾ ഒന്നു കരഞ്ഞാൽ, ഒന്ന് ബഹളം വെച്ചാൽ, ഒന്ന് ചിരിച്ചാൽ, നമസ്‌കാരത്തിനിടയിൽ സ്വഫ്ഫിനിടയിലൂടെ നടന്നാൽ നെറ്റി ചുളിക്കുന്ന ചിലരെങ്കിലുമുണ്ട്. ആരാണ് ഈ കുട്ടിയെയും കൊണ്ട് പള്ളിയിൽ വന്നതെന്ന് ഉറക്കെ ചോദിക്കും. നമസ്‌കാരത്തിലെ ശ്രദ്ധ കളയുന്നുവെന്ന് പറഞ്ഞ് മുഖം കനപ്പിക്കും.

ഇവിടെ നാം ഓർക്കേണ്ട മനോഹരമായ ഒരു ചരിത്രമുണ്ട്! നബി(സ)യുടെ പള്ളി. അവിടെ ജമാഅത്ത് നമസ്‌കാരം നടക്കുന്നു. ഇമാമായ നബി(സ) സുജൂദിൽനിന്നും എഴുന്നേൽക്കുന്നില്ല. സ്വഹാബികൾ പരിഭ്രാന്തരായി. പ്രവാചകന് വല്ലതും പറ്റിയോ എന്ന് പോലും ഭയപ്പെട്ടു. പലരും സുജൂദിൽനിന്നും എഴുന്നേറ്റ് നോക്കണോ എന്നുപോലും ചിന്തിച്ചു. നമസ്‌കാരം കഴിഞ്ഞ് അവർ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എന്തുകൊണ്ടാണ് അങ്ങ് സുജൂദ് ഇത്ര ദീർഘിപ്പിച്ചത്?' അവിടുന്ന് പുഞ്ചിരിയോടെ മറുപടി നൽകി: 'ഞാൻ സുജൂദിലായിരിക്കെ എന്റെ പേരമക്കൾ എന്റെ മുതുകിൽ കയറിയിരുന്നു കളിക്കുകയായിരുന്നു. അവരുടെ കളി തടസ്സപ്പെടുത്തേണ്ട എന്ന് കരുതിയാണ് ഞാൻ എഴുന്നേൽക്കാതിരുന്നത്.'

ചിന്തിക്കുക! ഇന്ന് നമ്മുടെ പള്ളിയിലെ ഇമാമിന്റെ മുതുകത്താണ് ഒരു കുട്ടി കയറിയിരുന്നതെങ്കിൽ എന്തായിരിക്കും അവസ്ഥ? നബി(സ) എന്ത് ചെയ്തു? അലി(റ)യെ നോക്കി കണ്ണുരുട്ടിയോ? ഫാത്വിമ(റ)യെ വിളിച്ച് ശകാരിച്ചോ? ഇനി മക്കളെയും കൊണ്ട് പള്ളിയിൽ വരരുത് എന്നു പറഞ്ഞുവോ? കളിച്ചുകൊണ്ടിരുന്ന കുഞ്ഞുങ്ങളെ പിടിച്ചു താഴെയിറക്കാൻ പോലും അവിടുന്ന് മുതിർന്നില്ല. കുട്ടികളുടെ കരച്ചിൽ കേൾക്കുമ്പോൾ ഉമ്മമാരുടെ പ്രയാസമോർത്ത് നമസ്‌കാരം ലഘൂകരിച്ച ചരിത്രവും നമുക്ക് മുന്നിലുണ്ട്.

ചെറിയ കുട്ടികളെയും കൊണ്ട് ഒരു സ്ത്രീ നമസ്‌കരിക്കാൻ പള്ളിയിലേക്ക് വരുന്നുണ്ടെങ്കിൽ അതിന് സമയം കണ്ടെത്താൻ അവൾ വലിയ ത്യാഗം സഹിക്കുന്നുണ്ട്. നമസ്‌കാരത്തെ ഇഷ്ടപ്പെടുന്നുണ്ട്. അങ്ങനെ യുള്ളവരോട് ദയ കാണിക്കുകയല്ലേ വേണ്ടത്. നമ്മുടെ മുഖം കനപ്പിച്ചുള്ള ഒരു നോട്ടം കാരണം ഒരു ഉമ്മ പള്ളിയിലേക്ക് വരുന്നത് നിറുത്തുന്നത് നമുക്ക് ഗുണകരമാണോ? നമ്മുടെ പക്വതയില്ലാത്ത പെരുമാറ്റം കാരണത്താൽ കുട്ടികൾക്ക് പള്ളിയോടുതന്നെ വെറുപ്പുണ്ടാകാൻ സാധ്യതയില്ലേ? അങ്ങനെ സംഭവിച്ചാൽ അതിന്റെ ഉത്തരവാദിത്തം നമ്മുടെ പിരടിയിലാകില്ലേ?

കുഞ്ഞുങ്ങളാണ്; അവർ കളിക്കും ചിരിക്കും കരയും. അതെല്ലാം അവരുടെ പ്രകൃതമാണ്. അത് നമ്മെ അലോസരപ്പെടുത്തേണ്ടതില്ല. നമ്മൾ പള്ളിയിൽ നമസ്‌കരിക്കുന്നതും പെരുമാറുന്നതും കണ്ട് അവർ വളരട്ടെ. ചെറുതാകുമ്പോൾ ഒട്ടും പള്ളിയിൽ കൊണ്ടുവരാതെ വലുതായിട്ട് എന്റെ മകൻ പള്ളിയിലെ വരുന്നില്ല എന്ന് വിലപിച്ചിട്ട് ഒരു കാര്യവുമില്ല. വലിയ കുട്ടികൾ ബഹളമുണ്ടാക്കിയാൽ കണ്ണുരുട്ടാതെ, നുള്ളി നോവിക്കാതെ നമുക്ക് അവരോട് സ്‌നേഹത്തോടെ പറഞ്ഞു കൊടുക്കാം; 'മോനേ... ഇത് അല്ലാഹുവിന്റെ വീടാണ്, ഇവിടെ ബഹളമുണ്ടാക്കാൻ പാടില്ല.'

കുഞ്ഞുങ്ങളുടെ കളിയും ചിരിയും കരച്ചിലുമുയരാത്ത കാലത്തെ ഭയപ്പെട്ടുകൊള്ളുക. നാളെ നമസസ്‌കരിക്കാൻ ആളില്ലാത്ത പള്ളികൾ ഉണ്ടാകും എന്നതിന്റെ സൂചനയാണത്. ■

# യുദ്ധഭീതിയിൽ ഒരു ഈദുൽ ഫിത്ര്‍!

പശ്ചിമേഷ്യ മാത്രമല്ല ലോകം തന്നെ ഇന്ന് അശാന്തമാണ്. ലോകത്തെ അടക്കി ഭരിക്കാൻ കൊതിക്കുന്ന അമേരിക്കൻ പ്രസിഡന്റ് ട്രമ്പും അയൽരാജ്യങ്ങളെ പിടിച്ചടക്കി സ്വന്തം രാജ്യത്തിന്റെ വിസ്തൃതി വർധിപ്പിക്കാൻ ആർത്തിപൂണ്ട് കഴിയുന്ന, വംശീയ ഉന്മൂലനം നടത്തിക്കൊണ്ടിരിക്കുന്ന ഇസ്രയേൽ പ്രധാനമന്ത്രി നെതന്യാഹുവും ചേർന്ന് പശ്ചിമേഷ്യയെ യുദ്ധക്കളമാക്കി മാറ്റിയിരിക്കുകയാണ്. ഇസ്രയേലിന്റെയും ഇറാന്റെയും മണ്ണിൽ മിസൈലുകൾ തീ തുപ്പിക്കൊണ്ടിരിക്കുകയാണ്. ചില ഗൾഫ് രാജ്യങ്ങളിലും സ്ഫോടനങ്ങൾ നടക്കുന്നുണ്ട്. സ്വദേശികളും പ്രവാസികളും അവരുടെ കുടുംബങ്ങളും വലിയ ഭീതിയിലാണ് കഴിയുന്നത്.

ഇങ്ങനെയുള്ള ഒരവസ്ഥയിലാണ് ഈദുൽഫിത്ര്‍ കടന്നുവരുന്നത്. മനുഷ്യർ കൊല്ലപ്പെടുന്നതും നാഗരികതകൾ തുടച്ചുനീക്കപ്പെടുന്നതും വേദനാജനകം തന്നെയാണ്. ഈദിന്റെ പൊലിമക്ക് മങ്ങലുണ്ടാകുമെങ്കിലും ഇസ്‌ലാം അനുവദിച്ച ആ ആഘോഷത്തെ അവഗണിച്ചുകൂടാ.

ഈദുൽഫിത്ര്‍റും ഈദുൽ അദ്ഹയുമല്ലാതെ മുസ്‌ലിംകൾക്ക് മറ്റു ആഘോഷങ്ങളില്ല. അനസ്(റ) പറയുന്നു: "അല്ലാഹുവിന്റെ റസൂൽ(സ്വ) മദീനയിൽ ആഗതനായ വേളയിൽ മദീനയിലെ ജനങ്ങൾ രണ്ട് ആഘോഷങ്ങൾ കൊണ്ടാടിയിരുന്നു. പ്രവാചകൻ (സ്വ) അൻസ്വാറുകളോട് ഇതിനെക്കുറിച്ചാരാഞ്ഞു. അവർ തങ്ങളുടെ ആഘോഷങ്ങളെക്കുറിച്ചും ഉത്സവരീതിയെക്കുറിച്ചും വിവരിച്ചുകൊടുത്തു. അപ്പോൾ പ്രവാചകൻ(സ്വ) ഇങ്ങനെ പ്രതിവചിച്ചു: 'ആ ദിവസങ്ങൾക്ക് പകരം മറ്റു രണ്ട് ദിവസങ്ങളെ അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചുതന്നിരിക്കുന്നു; അവയെക്കാൾ ഉൽകൃഷ്ടമായ രണ്ട് ദിനങ്ങൾ- ഈദുൽ ഫിത്ര്‍റും ഈദുൽ അദ്ഹയും" (അബൂദാവൂദ്).

ഇസ്‌ലാമിലെ ആഘോഷം അഥവാ പെരുന്നാൾ ഇസ്‌ലാമിനെ ഇതര സംസ്കാരങ്ങളിൽനിന്നും വേർതിരിക്കുന്ന കാര്യമാണ്. ആട്ടവും പാട്ടും ധൂർത്തും പടക്കം പൊട്ടിക്കലും മദ്യം-മയക്കുമരുന്ന് സേവയും അന്യ സ്ത്രീ-പുരുഷന്മാർ ഇടകലർന്നുള്ള നൃത്തവും കോലാഹലങ്ങളുമൊക്കെയാണ് പല ആഘോഷങ്ങളുടെയും പ്രധാന ഇനം. ഇസ്‌ലാം ആഘോഷവേളയിലോ അല്ലാത്തപ്പഴോ ഇതൊന്നും അംഗീകരിക്കുന്നില്ല.

ഇസ്‌ലാമിലെ ഈദ് ആരാധനയിൽ അധിഷ്ഠിതമാണ്. സ്രഷ്ടാവിനെ ധാരാളമായി ഓർക്കുവാനും വാഴ്ത്തുവാനും അശരണരെ ചേർത്തുപിടിക്കുവാനും കുടുംബ ബന്ധങ്ങൾ ചേർക്കുവാനുമൊക്കെയാണ് ആഘോഷ വേളയെ ഉപയോഗപ്പെടുത്തേണ്ടത്. സ്രഷ്ടാവിനെ മറക്കാനും നിഷിദ്ധമായ കാര്യങ്ങൾ ചെയ്യാനുമുള്ള അനുമതി നൽകുന്ന ദിനമല്ല ഈദിന്റെ സുദിനം.

പെരുന്നാൾ ദിനത്തിൽ തക്ബീർ ചൊല്ലുന്നത് പ്രബലമായ സുന്നത്താണ്. ശവ്വാൽ പിറവി ദൃശ്യമായതുമുതൽ പെരുന്നാൾ നമസ്കാരം തുടങ്ങുന്നതുവരെ തക്ബീർ ചൊല്ലാം. ലോകത്ത് എന്തുതന്നെ സംഭവിച്ചാലും അത് അല്ലാഹുവിന്റെ അലംഘനീയമായ വിധിയാണെന്ന വസ്തുത വിശ്വാസികൾ മനസ്സിലാക്കണം. തക്ബീറിലൂടെ അവന്റെ മഹത്ത്വം പ്രഘോഷിക്കുക. എല്ലാ പ്രയാസങ്ങളും നീക്കിത്തരാൻ കഴിവുള്ളവനാണല്ലോ അവൻ.

ഈദിന്റെ സുദിനത്തിൽ പരസ്പരം ഈദാശംസകൾ കൈമാറാം.'തകബ്ബലല്ലാഹു മിന്നാ വമിൻകും' (അല്ലാഹു എന്റെയും നിങ്ങളുടെയും സത്കർമങ്ങൾ സ്വീകരിക്കുമാറാകട്ടെ). ■



# പിശുക്ക്: ഒരു ഇസ്‌ലാമിക വിശകലനം

സമീർ മുണ്ടേരി
: 8594044600

മനുഷ്യനെ അധഃപതനത്തിലേക്ക് നയിക്കുന്ന ഏറ്റവും മോശമായ സ്വഭാവങ്ങളിലൊന്നായിട്ടാണ് ഇസ്‌ലാം പിശുക്കിനെ കാണുന്നത്. സ്വന്തം കാര്യത്തിലും മറ്റുള്ളവരുടെ കാര്യത്തിലും ഗുണകാംക്ഷയില്ലാത്ത അവസ്ഥയാണത്. ക്വുർആനും പ്രവാചക വചനങ്ങളും വളരെ ഗൗരവത്തോടെയാണ് ഈ വിഷയത്തെ സമീപിക്കുന്നത്.

**എന്താണ് പിശുക്ക്?**

ലളിതമായി പറഞ്ഞാൽ അർഹമായ കാര്യങ്ങളിൽ സമ്പത്തോ സഹായമോ തടഞ്ഞുവെക്കലാണത്. ഇത് പ്രധാനമായും രണ്ട് രൂപത്തിലുണ്ട്:

1. *സ്വന്തം കാര്യങ്ങളിലുള്ള പിശുക്ക്:* അത്യാവശ്യ ഘട്ടങ്ങളിൽ പോലും, ഉദാഹരണത്തിന് രോഗം വന്നാൽ ചികിത്സിക്കാൻ പോലും പണം ചെലവഴിക്കാതിരിക്കുക.

ഇബ്നു ഖുദാമ(റഹി) പറയുന്നു: 'പിശുക്കിൽ ഏറ്റവും ഗൗരവകരമായത് ഒരാൾക്ക് ആവശ്യമുണ്ടായിട്ടും സ്വന്തം കാര്യത്തിൽ പിശുക്ക് കാണിക്കുന്നതാണ്.'

2. *മറ്റുള്ളവരോടുള്ള പിശുക്ക്:* മറ്റുള്ളവർക്ക് നൽകേണ്ട ബാധ്യതകളിൽനിന്ന് ഒഴിഞ്ഞുമാറുക.

വിശുദ്ധ ക്വുർആൻ ചെലവഴിക്കുന്ന കാര്യത്തിൽ മിതത്വം പാലിക്കാനാണ് കൽപിക്കുന്നത്. കൈകൾ കഴുത്തിലേക്ക് ബന്ധിക്കപ്പെട്ടവനെപ്പോലെ പിശുക്കനാകരുതെന്നും, എന്നാൽ എല്ലാം വാരിക്കോരി നൽകി കുറ്റബോധം തോന്നുന്നവനാകരുതെന്നും അല്ലാഹു ഓർമിപ്പിക്കുന്നു:

"നിന്റെ കൈ നീ പിരടിയിലേക്ക് ബന്ധിക്കപ്പെട്ടതാക്കരുത്. അത് (കൈ) മുഴുവനായങ്ങ് നീട്ടിയിടുകയും ചെയ്യരുത്..." (അൽഇസ്‌റാഅ്: 29).

**പിശുക്കിന്റെ വിവിധ മുഖങ്ങൾ**

പിശുക്ക് എന്നത് കേവലം സാമ്പത്തികമായ ഒന്നല്ല. അത് പല രൂപത്തിൽ പ്രകടമാകാം:

- *സലാം പറയുന്നതിലെ പിശുക്ക്:* നബി(സ്വ) പറഞ്ഞു: 'ജനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും വലിയ പിശുക്കൻ സലാം പറയുന്നതിൽ പിശുക്ക് കാണിക്കുന്നവനാണ്.'
- *സ്വലാത്ത് ചൊല്ലുന്നതിലെ പിശുക്ക്:* തന്റെ പേര് കേട്ടിട്ടും സ്വലാത്ത് ചൊല്ലാത്തവനെ ഏറ്റവും വലിയ പിശുക്കനായിട്ടാണ് പ്രവാചകൻ(സ്വ) വിശേഷിപ്പിച്ചത്.
- *ബന്ധങ്ങൾ ചേർക്കുന്നതിലെ പിശുക്ക്:* ചെലവ് വരുമെന്ന് ഭയന്ന് ബന്ധുക്കളിൽനിന്ന് അകന്നു നിൽക്കുന്നത് ഇതിൽ പെടുന്നു.

**അല്ലാഹുവും പ്രവാചകനും വെറുക്കുന്ന സ്വഭാവം**

പിശുക്കനെ അല്ലാഹുവും ജനങ്ങളും ഒരുപോലെ വെറുക്കുന്നു. അബൂഹുറയ്റ(റ) നിവേദനം ചെയ്ത ഹദീസിൽ അല്ലാഹു കോപിക്കുന്ന മൂന്ന് വിഭാഗം ആളുകളെ കുറിച്ച് പറയുന്നുണ്ട്: 'കളവു പറയുന്ന ഭരണാധികാരി, അഹങ്കാരിയായ ദരിദ്രൻ, പിശുക്കനായ ധനികൻ.'

സത്യവിശ്വാസവും പിശുക്കും ഒരു ദാസന്റെ മനസ്സിൽ ഒരിക്കലും ഒരുമിക്കുകയില്ലെന്ന് പ്രവാചകൻ(സ്വ) പഠിപ്പിച്ചു. മുൻകഴിഞ്ഞ സമുദായങ്ങളുടെ നാശത്തിനുവരെ കാരണമായത് 'ശുഹ്ഹ്' (അത്യാഗ്രഹം കലർന്ന പിശുക്ക്) ആയിരുന്നു.

**പിശുക്കിലേക്ക് നയിക്കുന്ന കാരണങ്ങൾ**

ഒരാളിൽ പിശുക്കുണ്ടാകാൻ പ്രധാനമായും നാല് കാരണങ്ങളാണുള്ളത്:

1. *ധനത്തോടുള്ള അമിതമായ സ്നേഹം:* സമ്പത്തിനോടുള്ള ആർത്തി മനുഷ്യനെ പിശുക്കനാക്കുന്നു.
2. *ദൈവിക വാഗ്ദാനങ്ങളിലുള്ള വിശ്വാസക്കുറവ്:* ചെലവഴിച്ചാൽ അല്ലാഹു പകരം നൽകുമെന്ന ഉറപ്പില്ലായ്മ. ഓരോ ദിവസവും മലക്കുകൾ ഇറങ്ങിവന്ന് 'ചെലവഴിക്കുന്നവന് നീ പകരം നൽകേണമേ, പിശുക്കി വെക്കുന്നവന് നീ നാശം നൽകേണമേ' എന്ന് പ്രാർഥിക്കുന്നുണ്ട് എന്ന കാര്യം പലരും മറക്കുന്നു.
3. *മക്കളെക്കുറിച്ചുള്ള ഭയം:* മക്കൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് വരുമോ എന്ന ചിന്ത പിതാവിനെ പിശുക്കനും ഭീരുവുമാക്കും.
4. *ദാരിദ്ര്യ ഭയവും സമ്പന്നനാകാനുള്ള മോഹവും:* ആരോഗ്യമുള്ള കാലത്ത്, ദാരിദ്ര്യം ഭയന്നും സമ്പത്ത് മോഹിച്ചും കഴിയുമ്പോഴാണ് പിശുക്ക് കൂടുതൽ ശക്തമാവുക. മരണം തൊണ്ടക്കുഴിയിൽ എത്തുമ്പോൾ 'ഇന്നയാൾക്ക് അത് കൊടുക്കൂ' എന്ന് പറഞ്ഞിട്ട് കാര്യമില്ലെന്ന് നബി(സ്വ) ഓർമിപ്പിച്ചിട്ടുണ്ട്.

**അനന്തരഫലങ്ങളും ശിക്ഷകളും**

പിശുക്ക് കാണിക്കുന്നവരെ ഇഹത്തിലും പരത്തിലും കടുത്ത ശിക്ഷകളാണ് കാത്തിരിക്കുന്നത്:

- *ഹൃദയത്തിൽ കാപട്യം (നിഫാക്ക്):* അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ പിശുക്ക് കാണിക്കുന്ന വരുടെ ഹൃദയത്തിൽ മരണം വരെ കാപട്യം നിറക്കുമെന്ന് സൂറതുത്തൗബയിൽ പറയുന്നുണ്ട്.
- '*ജീവിതത്തിലെ പ്രയാസങ്ങൾ:* "എന്നാൽ ആര് പിശുക്കു കാണിക്കുകയും സ്വയം പര്യാപ്തത നടിക്കുകയും ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചു തള്ളുകയും ചെയ്തുവോ അവന്നു നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കികൊടുക്കുന്നതാണ്" (അല്ലയ്ൽ 8-10).
- *പരലോക ശിക്ഷ:* അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ പിശുക്ക് കാണിക്കുന്നവർക്ക് അത് ഗുണകരമല്ല, മറിച്ച് ദോഷകരമാണ്. 'അവർ പിശുക്കി വെച്ച ധനം പരലോകത്ത് അവരുടെ കഴുത്തിൽ മാലയായി അണിയിക്കപ്പെടും' (ആലുഇംറാൻ: 180).

സ്വന്തം പോരായ്മകൾ തിരിച്ചറിയാതെ പോകുന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ പരാജയം. ഉദാരതയുടെ ഉത്തമ മാതൃകകളായ അൻസാരികളെപ്പോലെ, മനസ്സിന്റെ പിശുക്കിൽ നിന്ന് മുക്തി നേടുന്നവരാണ് യഥാർഥ വിജയികൾ (അൽഹശ്ർ: 9). അല്ലാഹു നൽകിയ സമ്പത്തും അറിവും കഴിവും അവന്റെ മാർഗത്തിൽ ചെലവഴിക്കാൻ നാം തയ്യാറാകണം.

'അല്ലാഹുവേ, പിശുക്കിൽ നിന്നും ഭീരുത്വത്തിൽനിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു' എന്ന പ്രവാചകപ്രാർഥനയെ നമുക്കും ജീവിതത്തിന്റെ ഭാഗമാക്കാം. ■





# ഇസ്‌ലാമിക വൈദ്യത്തിന്റെ മാനുഷിക മാനങ്ങൾ 2

ഡോ. ടി. കെ. യൂസുഫ്
: 9349798262

ബിസി 2000ൽ തന്നെ ഔഷധച്ചെടികൾ രേഖപ്പെടുത്തിയ ശിലാലിഖിതങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ബിസി 1550ൽ ഈജിപ്തിൽ കണ്ടെത്തിയ ഏടുകളിൽ എഴുനൂറോളം ഔഷധങ്ങളുണ്ട്. റോമക്കാരാണ് ആദ്യമായി ഫാർമസി സ്ഥാപിക്കുകയും ഔഷധമാത്ര രോഗികൾക്ക് എഴുതിക്കൊടുക്കുകയും ചെയ്തത്. പക്ഷേ, ഈ ഔഷധങ്ങളൊന്നും പൂർണമായും ശമനം നൽകുന്നതായിരുന്നില്ല. ചിലതാകട്ടെ  യാദൃച്ഛികമായിട്ടാണ് രോഗികൾക്ക് ശമനം നൽകിയിരുന്നത്. പുരാതന ഗ്രീക്കുകാരും റോമക്കാരും വേദന സംഹാരിയായി 'അവീൻ' ഉപയോഗിച്ചിരുന്നു. ഈജിപ്തുകാർ ആവണക്കെണ്ണ ശോധനക്ക് ഉപയോഗി ച്ചിരുന്നു. ചൈനക്കാർ ജീവികളുടെ കരൾ രക്തവർധനവിന് വേണ്ടി ഭക്ഷിച്ചിരുന്നു. തേനിൽ ഔഷധമുണ്ട് എന്ന ക്വുർആൻ വചനത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിം വൈദ്യത്തിൽ തേൻ സർവരോഗ സംഹാരിയായി ഉപയോഗിക്കാൻ തുടങ്ങി. വാർധക്യമല്ലാത്ത സർവ രോഗങ്ങൾക്കും അല്ലാഹു ഔഷധം ഇറക്കിയിട്ടുണ്ട് എന്ന നബിവചനത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾ രോഗങ്ങൾക്കുള്ള ഔഷധ ഗവേഷണം ആരംഭിച്ചു.

ഔഷധ നിർമാണശാസ്ത്രം മുസ്‌ലിംകൾ മുൻപരിചയമില്ലാതെ

ആവിഷ്കരിച്ച ഒന്നല്ല. അവർ ഗ്രീക്കുകാരുടെ വിജ്ഞാനങ്ങൾ വിവർത്തനം ചെയ്യുകയും പരീക്ഷണം നടത്തി അത് പരിഷ്കരിക്കുകയും ചെയ്തിരുന്നു. എഡി 80ൽ ഡിസ്കോരീഡസ് രചിച്ച 'ചെടികളിലെ വൈദ്യപദാർഥങ്ങളും അപൂർവ ഔഷധങ്ങളും' എന്ന ഗ്രന്ഥം പല ഭാഷകളിലേക്ക് അനവധി ആളുകൾ വിവർത്തനം ചെയ്യുകയുണ്ടായി. രണ്ടു വിവർത്തനങ്ങൾ ഏറെ പ്രസിദ്ധമായി. ഒന്ന് ബാഗ്ദാദിലെ ഹനീൻ ബിൻ ഇസ്ഹാഖിന്റേതും രണ്ടാമത്തേത് കോർഡോവയിലെ അബു അബ്ദുല്ല അസ്സ്വഖ്‌ലിയുടെതുമായിരുന്നു. പിന്നീട് മുസ്‌ലിംകൾ ധാരാളം പരീക്ഷണങ്ങൾ നടത്തി ഈ ഗ്രന്ഥം പരിഷ്കരിക്കുകയുണ്ടായി. ഡിസ്കോരീഡസ് ഉൾക്കൊള്ളിക്കാത്ത ചില വിവരങ്ങൾ ചേർക്കുകയും ചെയ്തു. പിന്നീട് ഔഷധ നിർമാണ ശാസ്ത്രത്തിൽ ധാരാളം ഗ്രന്ഥങ്ങൾ രചിക്കപ്പെടുകയുണ്ടായി. എഡി 895ൽ അബൂഹനീഫ അദ്ദീനവരി രചിച്ച 'മഅ്ജമുന്നബാത്,' 930ൽ ഇബ്നു വഹ്ശി രചിച്ച 'ഫലാഹതു നബ്തിയ്യ' എന്നിവ അവയിൽ പ്രസിദ്ധമാണ്. ഇത്തരം ഗ്രന്ഥങ്ങളാണ് പിന്നീടുള്ള ഗ്രന്ഥങ്ങൾക്ക് ആധാരശിലയായിത്തീർന്നത്.

ഔഷധച്ചെടികളെക്കുറിച്ചുള്ള ഗ്രീക്ക്, പേർഷ്യൻ, ഇന്ത്യൻ ഗ്രന്ഥങ്ങൾ അറബിയിലേക്ക് വിവർത്തനം ചെയ്തപ്പോൾ ഒരു പ്രതിസന്ധിയുണ്ടായി. അതായത്, തത്തുല്യമായ അറബി പദങ്ങൾ ഇല്ലാത്തതുകൊണ്ട് അവയുടെ യഥാർഥ പദങ്ങൾ തന്നെയാണ് അവരതിലുപയോഗിച്ചത്. അതുകൊണ്ട് അറബ് രാജ്യത്ത് ഇവ ഉണ്ടെന്നോ ഉണ്ടെങ്കിൽതന്നെ അവയ്ക്ക് അറബിയിൽ എന്താണ് പറയുക എന്നോ കണ്ടെത്താൻ

> **ഔഷധ നിർമാണരംഗത്ത് വ്യാജന്മാരെ തടയുന്നതിന് ഖലീഫ മഅ്മൂനിന്റെ കാലത്ത് മരുന്ന് നിർമാണം ഭരണകൂടത്തിന്റെ മേൽനോട്ടത്തിലാണ് നടന്നിരുന്നത്. 228ൽ അന്തരിച്ച മുഅ്തസിം ഭരണകൂടത്തിന്റെ സാക്ഷിപത്രം ഉള്ളവർക്ക് മാത്രമെ മരുന്ന് നിർമാണത്തിന് അനുമതി നൽകിയിരുന്നുള്ളൂ. 1250ൽ ഫെഡറിക് രണ്ടാമൻ യൂറോപ്പിൽ ഈ നിയമം നടപ്പിലാക്കുകയുണ്ടായി. ഓരോ ഔഷധ നിർമാണ ശാലയിലും നിരീക്ഷകരെ നിയമിക്കുന്ന സംവിധാനവും അബ്ബാസിയ കാലഘട്ടത്തിലുണ്ടായിരുന്നു.**


പ്രയാസമുണ്ടായി. ഈ പ്രശ്നം പരിഹരിക്കാൻ 'അബ്ദാലുൽ അദ്‌വിയ്യ,' അതായത് ഔഷധച്ചെടികളിലെ പകരക്കാരൻ എന്ന പേരിൽ ഗ്രന്ഥം രചിക്കപ്പെടുകയുണ്ടായി. ഈ വിഷയത്തിൽ അൽബിറൂനി പറഞ്ഞത് നമ്മുടെ കൂട്ടത്തിൽ ഒരു ഡിസ്കോരീഡസ് ഉണ്ടായിരുന്നുവെങ്കിൽ നമ്മുടെ മലകളിലെയും താഴ്വരകളിലെയും മുഴുവൻ ചെടികളും ഔഷധച്ചെടികളാകുമായിരുന്നു എന്നാണ്.

ഔഷധച്ചെടികളിൽ പലതിലും വ്യത്യസ്ത നാഗരികതകളിൽ പല പേരുകൾ ഉപയോഗിക്കുന്നത് കാരണം നേരിടുന്ന പ്രശ്നം പരിഹരിക്കാൻ 1241ൽ റഷീദുദ്ദീൻ അസ്സൂരി ഓരോ ഔഷധച്ചെടിയുടെയും പേരിനോടു ചേർന്ന് അവയുടെ ചിത്രം കൂടി വരക്കാൻ ചിത്രകാരന്മാരെ ചുമതലപ്പെടുത്തി. ഒരു ചെടിയുടെ വ്യത്യസ്ത ഘട്ടത്തിലുള്ള പഠനങ്ങൾ അതിൽ ഉൾകൊള്ളിച്ചിരുന്നു.

ഔഷധ നിർമാണരംഗത്ത് വ്യാജന്മാരെ തടയുന്നതിന് ഖലീഫ മഅ്മൂനിന്റെ കാലത്ത് മരുന്ന് നിർമാണം ഭരണകൂടത്തിന്റെ മേൽനോട്ടത്തിലാണ് നടന്നിരുന്നത്. 228ൽ അന്തരിച്ച മുഅ്തസിം ഭരണകൂടത്തിന്റെ സാക്ഷിപത്രം ഉള്ളവർക്ക് മാത്രമെ മരുന്ന് നിർമാണത്തിന് അനുമതി നൽകിയിരുന്നുള്ളൂ. 1250ൽ ഫെഡറിക് രണ്ടാമൻ യൂറോപ്പിൽ ഈ നിയമം നടപ്പിലാക്കുകയുണ്ടായി. ഓരോ ഔഷധ നിർമാണ ശാലയിലും നിരീക്ഷകരെ നിയമിക്കുന്ന സംവിധാനവും അബ്ബാസിയ കാലഘട്ടത്തിലുണ്ടായിരുന്നു. ഭരണകൂടത്തിന്റെ മേൽനോട്ടത്തിൽ ഔഷധത്തോട്ടങ്ങളും ധാരാളം നട്ടുപിടിപ്പിച്ചിരുന്നു. അവർ നവീനമായി ചില ഔഷധച്ചെടികൾ ലോകത്തിന് പരചയപ്പെടുത്തുകയും അവയിൽനിന്ന് ചില രാസ ഘടകങ്ങൾ വികസിപ്പിച്ച് ലോകത്തിന് സമ്മാനിക്കുകയും ചെയ്തു.

ഔഷധ നിർമാണ രംഗത്ത് നാല് പ്രസിദ്ധ ഗ്രന്ഥങ്ങളാണ് രചിക്കപ്പെട്ടിട്ടുള്ളത്. റാസിയുടെ 'ഹാവി,' അൽബിറൂനിയുടെ 'സൈദലിയ്യ ഫിത്വിബ്ബ്,' അലിയ്യ് ബിൻ അബ്ബാസിന്റെ 'കാമിലുസ്സ്വിനാഅ,' ഇബ്നു സീനയുടെ 'കാനൻ' എന്നിവയാണവ. നാല് വിഭാഗമായിട്ടാണ് ഇവർ ഔഷധത്തെ വേർതിരിച്ചിട്ടുളളത്. ഒന്ന്, ധാതുലവണങ്ങൾ. രണ്ട്, സസ്യപദാർഥങ്ങൾ. മൂന്ന്, ജൈവ പദാർഥങ്ങൾ. നാല്, ഇവയുടെ മിശ്രിതങ്ങൾ.

*(തുടരും)*



# സൈബർ തട്ടിപ്പും പ്രബുദ്ധ കേരളവും

നൗഫൽ ചെറുമുക്ക്
: +971 56 128 7529

ഇന്റർനെറ്റിന്റെയും സ്മാർട്ട് ഫോണുകളുടെയും വ്യാപകമായ ഉപയോഗം സൈബർ കുറ്റവാളികൾക്ക് മുമ്പിൽ തട്ടിപ്പിന്റെ പുതിയ വഴികൾ തുറന്നിട്ടുകൊണ്ടിരിക്കുകയാണ്. മനുഷ്യരുടെ അറിവില്ലായ്മയും ഭയവും അത്യാഗ്രഹവുമാണ് തട്ടിപ്പുകളുടെ വലയിൽ അവർ അകപ്പെടാനുള്ള കാരണം. സാധാരണ ജനങ്ങളെ എളുപ്പത്തിൽ വഞ്ചിക്കാൻ കഴിയുന്ന നിരവധി തന്ത്രങ്ങളാണ് സൈബർ കുറ്റവാളികൾ അനുദിനം പരീക്ഷിച്ചുകൊണ്ടിരിക്കുന്നത്. പണം നഷ്ടപ്പെടാൻ പല വഴികൾ എന്നതാണ് ഇപ്പോഴത്തെ അവസ്ഥ.

സാധാരണക്കാർ വിവരമില്ലായ്മകൊണ്ട് തട്ടിപ്പിനിരകളാകുമ്പോൾ ഉന്നത വിദ്യാഭ്യാസവും ഉയർന്ന ജോലിയുമുള്ളവർ തട്ടിപ്പിനിരകളാകുന്നത് പണത്തോടുള്ള അമിതമായ ആർത്തികൊണ്ടാണ്. ഡോക്ടർമാർ, ബാങ്ക് ഉദ്യോഗസ്ഥർ, നിയമപാലകർ പോലുള്ളവർ തന്നെ സൈബർ തട്ടിപ്പിന് ഇരകളായതിന്റെ വാർത്തകളാണ് പുറത്തുവരുന്നത്. സൈബർ തട്ടിപ്പുകാർ അതിസമർഥരാണെന്നതും എല്ലാവരും അതീവ ജാഗ്രത പാലിക്കേണ്ടതിന്റെ പ്രാധാന്യവുമാണ് ഓരോ സംഭവവും നമ്മെ ബോധ്യപ്പെടുത്തുന്നത്.

സൈബർ തട്ടിപ്പ് എന്നത് ഡിജിറ്റൽ ഉപകരണങ്ങളും ഇന്റർനെറ്റും ഉപയോഗിച്ച് വ്യക്തികളെ വഞ്ചിച്ചു പണമോ സ്വകാര്യവിവരങ്ങളോ കൈക്കലാക്കുന്ന കുറ്റകൃത്യമാണ്. നമ്മുടെ സമ്പാദ്യവും സമാധാനവും സ്വസ്ഥതയും തട്ടിയെടുത്തു കടന്നുകളയാൻ പാകത്തിലുള്ള സൈബർ തട്ടിപ്പുകളെ കുറിച്ച് നേരത്തെ അറിയാനും മനസ്സിലാക്കാനും കഴിഞ്ഞാൽ പലവിധ ദുരന്തങ്ങളിൽനിന്നും ചതിക്കുഴികളിൽനിന്നും രക്ഷപ്പെടാനും പലരെയും രക്ഷപ്പെടുത്താനും ഒരു പരിധിവരെ സാധിക്കും എന്ന് നാം തിരിച്ചറിയണം. 2025ൽ മാത്രം കേരളത്തിൽ 42504 സൈബർ തട്ടിപ്പുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ബോധവത്കരണ പരിപാടികൾ ശക്തമായി നടക്കുമ്പോഴും ഉയർന്ന വരുമാനക്കാർ, കമ്പനി ജീവനക്കാർ, പെൻഷൻകാർ, വീട്ടമ്മമാർ, വ്യാപാരികൾ തുടങ്ങി എല്ലാ വിഭാഗത്തിൽപെട്ട മലയാളികളും ദിനേന കെണിയിൽ വീഴുന്നു എന്നത് തീർത്തും ആശങ്കാജനകമാണ്.

## സൈബർ തട്ടിപ്പുകളുടെ വിവിധ രൂപങ്ങൾ

*1) ഫിഷിങ് (Phishing)*

തെറ്റിദ്ധരിപ്പിക്കുന്ന ലിങ്കുകൾ നൽകി ബാങ്ക് അക്കൗണ്ടുകൾ, സ്വകാര്യവിവരങ്ങൾ ഉൾപ്പെടെ കൈവശപ്പെടുത്തി അക്കൗണ്ടിലുള്ള പണം തട്ടുന്ന രീതിയാണിത്. സാധാരണയായി വ്യാജ ഇ-മെയിലുകൾ, സന്ദേശങ്ങൾ അല്ലെങ്കിൽ വെബ്സൈറ്റുകൾ വഴിയാണ് ഇത് നടക്കുന്നത്. ഒറ്റ നോട്ടത്തിൽ യഥാർഥ ബാങ്കുകൾ, കമ്പനികൾ എന്ന് തോന്നിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നായിരിക്കും ഇത്തരം സന്ദേശങ്ങൾ വരിക.

ഉപഭോക്താക്കളെ ലിങ്കുകളിൽ ക്ലിക്ക് ചെയ്യാനും സ്വകാര്യ വിവരങ്ങൾ പങ്കുവെക്കാനും അവർ പലതരത്തിൽ ശ്രമിക്കും. ബാങ്ക് അക്കൗണ്ടിലെ പണം സംരക്ഷിക്കാൻ എന്നെല്ലാം പറഞ്ഞുകൊണ്ടുള്ള വ്യാജസന്ദേശങ്ങളുടെ വിശ്വാസ്യത പരിശോധിക്കാതെ വിവരങ്ങൾ കൈമാറിയാൽ വലിയ സാമ്പത്തിക നഷ്ടവും വ്യക്തി വിവരങ്ങളുടെ ദുരുപയോഗവും നടക്കാൻ അത് കാരണമാകും.

*2) OTP/ഫോൺ കോളുകൾ വഴിയുള്ള തട്ടിപ്പ്*

ബാങ്ക് ഉദ്യാഗസ്ഥനാണ്,

**കൃത്യമായ സെക്യൂരിറ്റി സാങ്കേതികവിദ്യയാണ് ഓൺലൈൻ സംവിധാനങ്ങളുടെ ഏറ്റവും വലിയ പ്രത്യേകത. എന്നാൽ അതിനെ മറികടക്കുന്ന സൈബർതട്ടിപ്പുകളാണ് ഇന്ന് ആ മേഖലകളിൽ നടന്നുകൊണ്ടിരിക്കുന്നത്. പ്രബുദ്ധരെന്നും സാക്ഷരരെന്നും സ്വയം വിശേഷിപ്പിക്കുന്ന മലയാളികളെയാണ് ഇതിൽ ഏറ്റവും കൂടുതൽ ഇരയാക്കുന്നത്. ആർത്തി പൂണ്ട മാനുഷിക ത്വരകളാണ് ഇരകളെയും വേട്ടക്കാരെയും പലപ്പോഴും സൈബർ ക്രൈമുകളിലേക്ക് വഴിനടത്തുന്നത് എന്ന കാര്യം പറയാതെ വയ്യ!**



കസ്റ്റമർ കെയർ എക്സിക്യൂട്ടീവാണ് എന്നൊക്കെ പരിചയപ്പെടുത്തി ഫോൺ വഴി ഒടിപി നമ്പർ ചോദിക്കും. അത് പറഞ്ഞു കൊടുക്കുക വഴി നമ്മുടെ അക്കൗണ്ടിൽനിന്നും പണം നഷ്ടമാകുകയും ചെയ്യും.

*3) KYC അപ്ഡേറ്റ് തട്ടിപ്പ്*

നിങ്ങളുടെ KYC expired ആണ് എന്ന വ്യാജ സന്ദേശം അയച്ചു APK ഫയലുകൾ ഇൻസ്റ്റാൾ ചെയ്യാൻ നിർബന്ധിപ്പിക്കുകയോ ലിങ്കിൽ ക്ലിക്ക് ചെയ്യിക്കുകയോ ചെയ്യുന്നു. അതുവഴി മൊബൈലിന്റെ പൂർണ്ണ നിയന്ത്രണം തട്ടിപ്പുകാരുടെ കൈകളിലാവുകയും പണം, ഡാറ്റ എന്നിവ അപഹരിക്കപ്പെടുകയും ചെയ്യുന്നു.

*4) സോഷ്യൽ മീഡിയ അക്കൗണ്ട് ഹാക്കിംഗ്*

വ്യാജ ലിങ്കുകൾ വഴിയോ OTP തട്ടിയെടുത്തോ സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ നിയന്ത്ര ണാവകാശം കൈവശപ്പെടുത്തി; ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്സ്ആപ്പ് എന്നിവ ഹാക്ക് ചെയ്ത് സുഹൃത്തുക്കളോടും ബന്ധുക്കളോടും പണം ആവശ്യപ്പെടുക എന്നതാണ് ഇന്ന് വ്യാപകമായ ഈ തട്ടിപ്പിന്റെ രീതി. വിശ്വസിക്കുന്ന ആളുകളിൽനിന്നും യഥേഷ്ടം പണം ലഭ്യമാകുന്നു എന്നതാണ് തട്ടിപ്പുകാർ കാണുന്ന ആകർഷകത്വം.

*5) ഡിജിറ്റൽ അറസ്റ്റ്*

പോലീസ്, CBI, ED, കസ്റ്റംസ് ഉദ്യാഗസ്ഥർ എന്ന നിലയ്ക്ക് വീഡിയോ കോളിൽ പ്രത്യക്ഷപ്പെട്ട് കേസുണ്ടെന്നും ഉടൻ പണം അടച്ചില്ലെങ്കിൽ അറസ്റ്റു ചെയ്യുമെന്നും ഭീക്ഷണിപ്പെടുത്തുന്നു. ഇങ്ങനെ ഭയം സൃഷ്ടിച്ച് പണം തട്ടുന്ന രീതിയാണിത്.

**വ്യാജ ലിങ്കുകൾ വഴിയോ OTP തട്ടിയെടുത്തോ സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ നിയന്ത്ര ണാവകാശം കൈവശപ്പെടുത്തി; ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്സ്ആപ്പ് എന്നിവ ഹാക്ക് ചെയ്ത് സുഹൃത്തുക്കളോടും ബന്ധുക്കളോടും പണം ആവശ്യപ്പെടുക എന്നതാണ് ഇന്ന് വ്യാപകമായ ഈ തട്ടിപ്പിന്റെ രീതി. വിശ്വസിക്കുന്ന ആളുകളിൽനിന്നും യഥേഷ്ടം പണം ലഭ്യമാകുന്നു എന്നതാണ് തട്ടിപ്പുകാർ കാണുന്ന ആകർഷകത്വം.**

*6) ലോട്ടറി/ജോലി തട്ടിപ്പ്*

വിദേശത്തോ പ്രമുഖ കമ്പനികളിലോ ജോലി വാഗ്ദാനം ചെയ്തും, വലിയ തുക സമ്മാനമായി ലഭിച്ചു എന്ന് വിശ്വസിപ്പിച്ചും പ്രോസസ്സിംഗ് ഫീ, നികുതി തുടങ്ങിയ പേരുകളിൽ പണം ആവശ്യപ്പെടുന്നു.

*7) ഓൺലൈൻ ജോബ് & പാർട്ട് ടൈം തട്ടിപ്പുകൾ*

ലൈക് ചെയ്താൽ പണം, സ്റ്റാറ്റസ് ഇട്ടും കൂടുതൽ ആളുകളെ കാണിച്ചും ഷെയർ ചെയ്തും കാശുണ്ടാക്കാം, വീട്ടിലിരുന്നു ജോലി ചെയ്ത് സമ്പാദിക്കാം എന്നിങ്ങനെ വാഗ്ദാനങ്ങൾ നൽകി ആളുകളെ ആകർഷിപ്പിച്ച് ആദ്യം ചെറിയ തുക നൽകി വിശ്വാസ്യത നേടിയെടുക്കുന്നു. പിന്നീട് വലിയ തുക വാഗ്ദാനം ചെയ്യുന്നു. വിവിധ പ്ലാറ്റ്ഫോമുകൾ വഴി ആദ്യം രജിസ്ട്രേഷൻ ഫീസ് വാങ്ങി ടാസ്കുകൾ പൂർത്തിയാകുന്നതിലൂടെ ഘട്ടം ഘട്ടമായി വരുമാനം കിട്ടുമെന്നും കൂടുതൽ ആളുകളെ ചേർക്കുക വഴി അധിക വരുമാനം കിട്ടുമെന്നും ബോധ്യപ്പെടുത്തി ധാരാളം പേരുകളിൽ തട്ടിപ്പുകൾ നടന്നു കൊണ്ടിരിക്കുന്നു. ഒരു നിശ്ചിത ഘട്ടം എത്തിയാൽ ടാസ്കുകളുടെ കാഠിന്യം കൂട്ടി സ്വയം ഒഴിഞ്ഞു പോകുന്ന അവസ്ഥയിലേക്ക് ആളുകളെ നിർബന്ധിതരാക്കുന്നു. അങ്ങനെ വലിയ സംഖ്യ രജിസ്ട്രേഷൻ ഫീസ് വഴി അവർ കൈക്കലാക്കുന്നു. ധാരാളം ഒഴിവുസമയം ലഭിക്കുന്ന കുടുംബിനികളാണ് ഇത്തരക്കാരുടെ വലയിൽ കൂടുതലും അകപ്പെടുന്നത്.

*8) QR കോഡ് സ്കാം*

പണം സ്വീകരിക്കാനാണെന്ന വ്യജേന QR കോഡ് അയച്ചു ഉപയോക്താവിനെ സ്കാൻ ചെയ്യിച്ചു അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്ന രീതിയാണിത്. പണം ലഭിക്കാൻ QR കോഡ് സ്കാൻ ചെയ്യേണ്ട കാര്യമില്ലെന്നത് മറന്നുപോകുന്നു.

*9) ഇൻവെസ്റ്റ്മെന്റ്/ട്രേഡിങ്ങ് തട്ടിപ്പ്*

വിദേശനാണയ എക്സ്ചേഞ്ച് ഉൾപ്പെടെ ലാഭം വാഗ്ദാനം ചെയ്തു തട്ടിപ്പ് നടത്തുന്ന രീതിയാണിത്. സൗജന്യ ട്രേഡിങ്ങ് ടിപ്സുകൾ നൽകി അവരുടെ ഗ്രൂപ്പുകളിലും കമ്യൂണിറ്റികളിലും അംഗങ്ങളാക്കി, പ്രമുഖരുടെ വ്യാജ വീഡിയോ പ്രചരിപ്പിച്ചു വിശ്വാസം നേടിയെടുക്കും. വ്യാജ വാലറ്റിൽ നിക്ഷേപ തുക, പെരുപ്പിച്ച ലാഭം എന്നിവ കാണിക്കും. ഈ അമിതലാഭ വാഗ്ദാനം കണ്ടു പെട്ടെന്ന് പണമുണ്ടാക്കാം എന്ന ലക്ഷ്യത്തിൽ ആളുകൾ ചെന്നു ചാടി പണം നഷ്ടപ്പെടുത്തുന്നു.

*10) പാർസൽ സ്കാം*

നിങ്ങൾക്ക് വന്ന കൊറിയർ കൃത്യമായ വിലാസം നൽകാത്തതുകൊണ്ട് തിരികെ അയക്കുകയാണ് എന്ന നിലയിൽ മൊബൈലിൽ വരുന്ന മെസ്സേജ് ലിങ്കുവഴി ആളുകൽ വിവരം അപ്ഡേറ്റ് ചെയ്യാൻ ശ്രമിക്കുന്നു. (വിവരങ്ങൾ ലഭ്യമാകുന്നതുവരെ വിശ്വസനീയമായ കാര്യങ്ങൾ പറഞ്ഞു നമ്മളെ അവർ നിരന്തരം ശല്യം ചെയ്തുകൊണ്ടിരിക്കും). അവസാനം പലതവണയായുള്ള കമ്യൂണിക്കേഷൻ വഴി നമ്മുടെ കൂടുതൽ വിവരങ്ങൾ തട്ടിപ്പ് സംഘം ശേഖരിക്കുന്നു.

പരിശീലിതവും വശ്യവുമായ സംസാരവും ഇടപെടലും ആധികാരികതയിൽ അശേഷം സംശയം ജനിപ്പിക്കുകയില്ല. ഏറ്റവും അവസാനമാണ് തട്ടിപ്പുകാരുടെ പണികൾ ആരംഭിക്കുക. താങ്കളുടെ പാഴ്സലിൽ നിരോധിതമായ വസ്തുക്കൾ അടങ്ങിയത് കാരണം നിയമ നടപടികൾ ആരംഭിച്ചിട്ടുണ്ട്, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കാനുള്ള നിർദേശങ്ങൾ പോയിട്ടുണ്ട് എന്നൊക്കെ പറഞ്ഞ് ആളുകളെ പരിഭ്രാന്തരാക്കും. ഒടുവിൽ മാനുഷികമായ പരിഗണനയും നിസ്സഹായാവസ്ഥയും കണക്കിലെടുത്തു ഒരു പരിഹാര ഫോർമുല നിർദേശിച്ച് അവർ തന്നെ മധ്യസ്ഥത ചമഞ്ഞു രംഗപ്രവേശം ചെയ്യും. അങ്ങനെ പല തവണകളായി പല ഫോർമാലിറ്റിയും പേപ്പർ വർക്കും പറഞ്ഞു പണം തട്ടിയെടുത്തുകൊണ്ടിരിക്കും. മുടക്കം വന്നാൽ ബ്ലാക്ക് മെയിലിംഗ് തുടർന്നുകൊണ്ടിരിക്കും.

*11) ലോൺ ആപ്പുകൾ വഴിയുള്ള തട്ടിപ്പുകൾ*

അപേക്ഷിച്ച ശേഷം ചുരുങ്ങിയ സമയത്തിനുള്ളിൽ ഇൻസ്റ്റന്റ് വായ്പകൾ ഒറ്റ ക്ലിക്കിൽ അനുവദിക്കുന്ന ആപ്പുകളാണിത്. വായ്പാ നടപടിയുടെ ഭാഗമായി ആപ്പ് ഉപയോക്താവിനോട് തന്റെ ഫോണിലെ കോണ്ടാക്ട് ലിസ്റ്റ്, ലൊക്കേഷൻ, ക്യാമറ, മൈക്രോഫോൺ, ഫയലുകൾ, ഇമേജ് ഗാലറി, ടെക്സ്റ്റ് മെസ്സേജുകൾ തുടങ്ങിയവയെല്ലാം ആക്സസ് ചെയ്യാൻ അനുമതി ചോദിക്കുന്നു. വായ്പാ നടപടിയുടെ അടുത്ത ഘട്ടത്തിലേക്ക് പോകാൻ ഈ പെർമിഷൻ നൽകൽ നിർബന്ധമാണ്, അതുകൊണ്ട് 'നോ'



**UGC നിർത്തലാക്കിയതും അപ്രൂവൽ ഇല്ലാത്തതുമായ പല ഓൺലൈൻ കോഴ്സുകൾക്കും ഇന്നും വ്യാപകമായി അഡ്മിഷൻ നൽകിവരുന്ന പല സ്ഥാപനങ്ങളും കേരളത്തിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ആകർഷകമായ ക്യാപ്ഷനുകളിലും സെലിബ്രിറ്റികളുടെ പരസ്യവാചകങ്ങളിലും വഞ്ചിതരായി ഒരു അഡ്രസ്സുമില്ലാത്ത സ്ഥാപനങ്ങളിൽ കൊണ്ടുപോയി പണം നൽകുന്ന ധാരാളം വിദ്യാർഥികളുണ്ട്. അതുപോലെ പല യൂണിവേഴ്സിറ്റികളുടെയും ഇടനിലക്കാരായി ഏജൻസികൾ ചമഞ്ഞ് പ്രവർത്തിച്ച് ഫീസ് ശേഖരിക്കുന്നവരുണ്ട്. അവർ അത് യൂണിവേഴ്സിറ്റിയിൽ അടക്കുകയുമില്ല.**

**പൊതുസ്ഥലങ്ങളിലെ സൗജന്യ വൈഫൈ ഉപയോഗിക്കുമ്പോൾ വിശ്വസനീയമായ VPN ഉപയോഗിക്കുക. സുരക്ഷിതമല്ലാത്ത പബ്ലിക് വൈഫൈ വഴിയുള്ള വിവരങ്ങൾ ചോരുന്നത് ഒരു പ്രധാന വെല്ലുവിളിയാണ് എന്നോർക്കണം. ആധികാരികമല്ലാത്ത വെബ്സൈറ്റുകളിൽനിന്നോ ലിങ്കിൽനിന്നോ യാതൊരു ആപ്ലിക്കേഷനും ഡൗൺലോഡ് ചെയ്യാതിരിക്കുക.**

എന്നൊരു ഓപ്ഷൻ ഇല്ല.

ലോൺ പ്രോസസ്സിംഗിനായി ബന്ധപ്പെട്ട് എല്ലാ വ്യക്തിഗത രേഖകളും (ഐഡന്റിറ്റി/പാൻ) അപ്ലോഡ് ചെയ്യുകയും പരിശോധനയുടെ നടപടിക്രമത്തിന്റെ ഭാഗമായി ഫോട്ടോ എടുക്കുകയും എല്ലാ നിബന്ധനകളും വ്യവസ്ഥകളും (Terms & Conditions)ഒപ്പിട്ടു നൽകുകയും ചെയ്യുന്നു. ചെറിയ സംഖ്യ ലോൺ ആയി ഉടനെ ക്രെഡിറ്റായി വിശ്വാസം ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. പിന്നീട് അൽപ ദിവസങ്ങൾക്ക് ശേഷമാണ് വായ്പയുടെ പേരിലുള്ള പീഡനവും മുതലെടുപ്പുകളും ആരംഭിക്കുക.

നേരത്തെ പ്രോസസ്സിംഗ് സമയത്തു ലഭിച്ച ഫോട്ടോകൾ ദുരുപയോഗം ചെയ്യുകയും അപകീർത്തിപ്പെടുത്തുന്നതും അശ്ലീലവുമായ ചിത്രങ്ങൾ രൂപപ്പെടുത്തുകയും അത് കോണ്ടാക്ട് ലിസ്റ്റിലെ ആളുകൾക്ക് അയച്ചുകൊടുക്കുമെന്ന് ഭീഷണിമുഴക്കി ബ്ലാക്ക് മെയിലിംഗ് വഴി പണം അപഹരിച്ചു കൊണ്ടിരിക്കും.

പണം നൽകാതെ വരുമ്പോൾ കോണ്ടാക്ടിലെ ആർക്കെങ്കിലും അത്തരം ചിത്രങ്ങളും തലമാറ്റിയ വീഡിയോയും അയച്ചു കൊടുത്ത സ്ക്രീൻഷോട്ട് കാണിച്ചു ഭീഷണി കടുപ്പിക്കും. അശ്ലീല വീഡിയോകളിൽ അഭിനയിക്കാൻ തയ്യാറാണ് എന്ന അടിക്കുറിപ്പോടെ ഫോട്ടോയടക്കം വിവിധ സൈറ്റുകളിലും വാട്സ്ആപ്പ് ഗ്രൂപ്പുകളിലും പ്രചരിപ്പിക്കും.

ഇത്തരത്തിലുള്ള വിവിധ തട്ടിപ്പുകളുടെ പേരിൽ അഭിമാനം നഷ്ടപ്പെട്ട് ആത്മഹത്യ ചെയ്തവരും വിവാഹമോചനം നേടിയവരും ധാരാളമുണ്ട്.

*12) സിം സ്വാപ്പ് തട്ടിപ്പ് (SIM SWAP)*

മൊബൈൽ നമ്പറുകൾ സ്വന്തം പേരിൽ മാറ്റി OTPകളും ബാങ്ക് അലേർട്ടുകളും കൈപ്പറ്റി അക്കൗണ്ടുകൾ നിയന്ത്രണത്തിൽ എടുക്കുകയാണ് തട്ടിപ്പുകാർ ചെയ്യുന്നത്.

*13) ഐഡന്റിറ്റി തെഫ്റ്റ് (Identity Theft):*

ആധാർ, പാൻ, ബാങ്ക് രേഖകൾ തുടങ്ങിയവ ദുരുപയോഗം ചെയ്ത് വ്യാജ അക്കൗണ്ടുകൾ തുറക്കുകയോ വായ്പകൾ എടുക്കുകയോ ചെയ്യുന്നു.

*14) ഓൺലൈൻ ഷോപ്പിംഗ് തട്ടിപ്പ്*

വളരെ കുറഞ്ഞ വിലയിൽ ഉത്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്ന വ്യാജ വെബ്സൈറ്റുകളിലൂടെ പണം കൈപ്പറ്റി സാധനം അയയ്ക്കാതെ വഞ്ചിക്കുന്ന രീതിയാണിത്. അല്ലെങ്കിൽ ഡ്യൂപ്ലിക്കേറ്റ് സാധനങ്ങൾ നൽകുന്നു.

*15) ഓൺലൈൻ കോഴ്സ് തട്ടിപ്പുകൾ*

UGC നിർത്തലാക്കിയതും അപ്രൂവൽ ഇല്ലാത്തതുമായ പല ഓൺലൈൻ കോഴ്സുകൾക്കും ഇന്നും വ്യാപകമായി അഡ്മിഷൻ നൽകിവരുന്ന പല സ്ഥാപനങ്ങളും കേരളത്തിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ആകർഷകമായ ക്യാപ്ഷനുകളിലും സെലിബ്രിറ്റികളുടെ പരസ്യവാചകങ്ങളിലും വഞ്ചിതരായി ഒരു അഡ്രസ്സുമില്ലാത്ത സ്ഥാപനങ്ങളിൽ കൊണ്ടുപോയി പണം നൽകുന്ന ധാരാളം വിദ്യാർഥികളുണ്ട്. അതുപോലെ പല യൂണിവേഴ്സിറ്റികളുടെയും ഇടനിലക്കാരായി ഏജൻസികൾ ചമഞ്ഞ് പ്രവർത്തിച്ച് ഫീസ് ശേഖരിക്കുന്നവരുണ്ട്. അവർ അത് യൂണിവേഴ്സിറ്റിയിൽ അടക്കുകയുമില്ല.

*16) കസ്റ്റമർ കെയർ തട്ടിപ്പുകൾ*

ഗൂഗിളിൽ നിന്നും ലഭിക്കുന്ന വ്യാജ കസ്റ്റമർ കെയർ നമ്പറുകളിൽ വിളിക്കുമ്പോൾ സ്ക്രീൻ ഷെയർ ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യാൻ ആവശ്യപ്പെടുകയും അതുവഴി ബാങ്ക് വിവരങ്ങൾ അടക്കം ചോർത്തുകയും ചെയ്യുന്നു.

പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ എന്ന നിലയിൽ സൈബർ തട്ടിപ്പുകൾ നിരന്തരം പുതിയ രൂപങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പ്രധാനപ്പെട്ട സൈബർ തട്ടിപ്പുകളുടെ രൂപങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. ഓരോ വ്യക്തിയുടെയും ജോലിയുടെ സ്വഭാവവും ജീവിത സാഹചര്യങ്ങളും മനസ്സിലാക്കി അതനുസരിച്ചുള്ള പുതിയ രൂപഭാവങ്ങളിൽ തട്ടിപ്പുകൾ ഉയർന്നുവരുന്നു.

**സൈബർ തട്ടിപ്പിൽ നിന്നും രക്ഷ നേടാൻ ചില മുൻകരുതലുകൾ**

അപരിചിതമായ ലിങ്കുകളിൽ ക്ലിക്ക് ചെയ്യുന്നത് ഒഴിവാക്കുക. അതിലൂടെ ലഭിക്കുന്ന അറ്റാച്ച്മെന്റുകൾ തുറക്കാതിരിക്കുക. സന്ദേശം അയച്ച വ്യക്തിയുടെ വിശ്വാസ്യത പരിശോധിക്കുക.

പൊതുസ്ഥലങ്ങളിലെ സൗജന്യ വൈഫൈ ഉപയോഗിക്കുമ്പോൾ വിശ്വസനീയമായ VPN ഉപയോഗിക്കുക. സുരക്ഷിതമല്ലാത്ത പബ്ലിക് വൈഫൈ വഴിയുള്ള വിവരങ്ങൾ ചോരുന്നത് ഒരു പ്രധാന വെല്ലുവിളിയാണ് എന്നോർക്കണം.



**ബാങ്ക് കാർഡുകളിൽ എമൗണ്ട് ലിമിറ്റ് സെറ്റ് ചെയ്യുക. വൈഫൈ എനേബിൾഡ് കാർഡുകൾ** (Contactless Payment) **കൈമാറാതിരിക്കാൻ ശ്രദ്ധിക്കുക. ഉപയോഗമനുസരിച്ചുള്ള തുക കാർഡിൽ ലിമിറ്റ് ചെയ്ത് സൂക്ഷിക്കുന്നത് വൻ നഷ്ടങ്ങളിൽനിന്ന് രക്ഷിച്ചേക്കാം. ഇത്തരം കാർഡുകൾ നഷ്ടപ്പെട്ടാൽ ബാങ്ക് ആപ്പ് വഴി ബ്ലോക്ക് ചെയ്യാനുള്ള ഓപ്ഷൻ വേഗത്തിൽ ഉപയോഗപ്പെടുത്തണം.**

ആധികാരികമല്ലാത്ത വെബ്സൈറ്റുകളിൽനിന്നോ ലിങ്കിൽനിന്നോ യാതൊരു ആപ്ലിക്കേഷനും ഡൗൺലോഡ് ചെയ്യാതിരിക്കുക.

മറ്റുള്ളവർക്ക് ഊഹിച്ചെടുക്കാൻ സാധിക്കാത്ത ശക്തമായ പാസ്‌വേർഡുകൾ ഉപയോഗിക്കുക. അത് ഇടക്കിടക്ക് മാറ്റുക. ആവശ്യപ്പെടാതെ വരുന്ന പാസ്‌വേർഡ് റീസെറ്റ് മെസ്സേജുകളിൽ ക്ലിക്ക് ചെയ്യരുത്.

വമ്പിച്ച ഡിസ്കൗണ്ടുകൾ നൽകുന്നുവെന്ന് അവകാശപ്പെടുന്ന വെബ്സൈറ്റുകളിലൂടെ കണ്ണുമടച്ച് സാമ്പത്തിക ഇടപാടുകൾ നടത്താതിരിക്കുക. വലിയ വില വരുന്ന ബ്രാൻഡഡ് സാധനങ്ങൾ അതിനെക്കാൾ പത്തും ഇരുപതും ഇരട്ടി കിഴിവിൽ ലഭിക്കുമെന്ന തരത്തിലുള്ള വാഗ്ദാനങ്ങൾ കെണിയാണെന്ന് തിരിച്ചറിയുക.

അപരിചിതർക്ക് ഒരു കാരണവശാലും OTP, വ്യക്തിഗത വിവരങ്ങൾ കൈമാറാതിരിക്കുക.

സൈബർ സെക്യൂരിറ്റി പോളിസികൾ സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുക. ഫോണിലെയും കമ്പ്യൂട്ടറിലെയും സോഫ്റ്റ്‌വെയർ കൃത്യസമയത്ത് അപ്ഡേറ്റ് ചെയ്യുക.

ഡെബിറ്റ് / ക്രെഡിറ്റ് കാർഡ് വിവരങ്ങൾ എന്നിവ ഷോപ്പിംഗ് സൈറ്റുകളിൽ സേവ് ചെയ്യാതിരിക്കുക. ഓരോ തവണയും കാർഡ് വിവരങ്ങൾ നൽകുന്നതാകും അഭികാമ്യം. എന്നാൽ സ്ഥിരമായി ഓൺലൈൻ ഇടപാടുകൾ നടത്തുന്നവർക്ക് ടോക്കണൈസേഷൻ ചെയ്യുന്നത് ഗുണകരമാകും.

പ്രൊമോഷനുകൾ, പരസ്യങ്ങൾ, പ്രൊഡക്ട് സെർച്ച് തു

**പുതിയ വേഷത്തിലും ഭാവങ്ങളിലും വരുന്ന തട്ടിപ്പുകളെക്കുറിച്ച് സദാസമയം ജാഗ്രതരായിരിക്കുക. അതുമായി ബന്ധപ്പെട്ട് പുലർത്തുന്ന സർക്കാർ തലത്തിൽ നിന്നുള്ള നിർദേശങ്ങൾ അനുസരിക്കുകയും പാലിക്കുകയും ചെയ്യുക. സാങ്കേതിക തകരാറുകളെക്കാൾ മനുഷ്യരുടെ അശ്രദ്ധയോ പിഴവുകളോ മുതലെടുത്താണ് 98% സൈബർ തട്ടിപ്പുകളും നടക്കുന്നത് എന്ന് തിരിച്ചറിയണം.**

ടങ്ങിയവയ്ക്ക് ഒരു സെക്കന്ററി ഇ-മെയിൽ ഐഡി സെറ്റ് ചെയ്യുന്നത് നന്നായിരിക്കും. അത് അത്തരം ആവശ്യങ്ങൾക്ക് വേണ്ടി മാത്രം ഉപയോഗിക്കുക.

ഒന്നിലധികം അക്കൗണ്ടുള്ളവർ ഓൺലൈൻ ഇടപാടുകൾക്കായി ഒരു അക്കൗണ്ട് മാറ്റിവെക്കുന്നത് തട്ടിപ്പുകൾ ഒരു പരിധി വരെ തടയാൻ സാധിക്കും. ഓൺലൈൻ ഇടപാടുകൾക്കായി ഒരു നിശ്ചിത തുക മാത്രം ഇതിൽ സൂക്ഷിക്കുക വഴി തട്ടിപ്പിനിരയായാലും നഷ്ടം പരിമിതപ്പെടുത്താൻ ഉപകരിക്കും.

ബാങ്ക് കാർഡുകളിൽ എമൗണ്ട് ലിമിറ്റ് സെറ്റ് ചെയ്യുക. വൈഫൈ എനേബിൾഡ് കാർഡുകൾ (Contactless Payment) കൈമാറാതിരിക്കാൻ ശ്രദ്ധിക്കുക. ഉപയോഗമനുസരിച്ചുള്ള തുക കാർഡിൽ ലിമിറ്റ് ചെയ്ത് സൂക്ഷിക്കുന്നത് വൻ നഷ്ടങ്ങളിൽ നിന്ന് രക്ഷിച്ചേക്കാം. ഇത്തരം കാർഡുകൾ നഷ്ടപ്പെട്ടാൽ ബാങ്ക് ആപ്പ് വഴി ബ്ലോക്ക് ചെയ്യാനുള്ള ഓപ്ഷൻ വേഗത്തിൽ ഉപയോഗപ്പെടുത്തണം.

ബാങ്ക്, സോഷ്യൽ മീഡിയ തുടങ്ങിയ അക്കൗണ്ടുകളിൽ TWO FACTOR Authentication (2FA) ഓൺ ചെയ്തു വെക്കുക വഴി കൂടുതൽ സുരക്ഷ ഉറപ്പുവരുത്താവുന്നതാണ്.

സോഷ്യൽ മീഡിയ വഴി സുഹൃത്തുക്കളുടെ വ്യാജ പ്രൊഫൈൽ, കവർ ഫോട്ടോ നിർമിച്ച് നടത്തുന്ന തട്ടിപ്പുകൾക്ക് പണം നൽകുന്നതിന് മുന്നേ സുഹൃത്തിനോട് നേരിട്ട് പരിശോധിച്ച് ശ്രമിക്കുക.

ബൈ ആൻഡ് സെൽ വെബ്സൈറ്റുകളിലെ തട്ടിപ്പുകളെക്കുറിച്ച് ജാഗ്രത വേണം. കളക്ഷൻ റിക്വസ്റ്റ് തട്ടിപ്പിന്റെ പുതിയ പതിപ്പുകൾ ഇന്ന് ധാരാളമുണ്ട്.




SIM Card ഡയറക്ട് കോൺഫിഗറേഷൻ ലഭ്യമാകും എന്നതിനാൽ ആധികാരികമായ വിതരണക്കാരിൽനിന്ന് മാത്രം സ്വീകരിക്കുക.

പുതിയ വേഷത്തിലും ഭാവങ്ങളിലും വരുന്ന തട്ടിപ്പുകളെക്കുറിച്ച് സദാസമയം ജാഗ്രതരായിരിക്കുക. അതുമായി ബന്ധപ്പെട്ട് പുലർത്തുന്ന സർക്കാർ തലത്തിൽ നിന്നുള്ള നിർദേശങ്ങൾ അനുസരിക്കുകയും പാലിക്കുകയും ചെയ്യുക. സാങ്കേതിക തകരാറുകളെക്കാൾ മനുഷ്യരുടെ അശ്രദ്ധയോ പിഴവുകളോ മുതലെടുത്താണ് 98% സൈബർ തട്ടിപ്പുകളും നടക്കുന്നത് എന്ന് തിരിച്ചറിയണം.

ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ അടിക്കടി പരിശോധിക്കുകയും ഏതെങ്കിലും തരത്തിലുള്ള പൊരുത്തക്കേടുകളോ അറിയാത്ത ഇടപാടുകളോ നടന്നിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരെ അറിയിക്കുകയും അത്തരം സബ്സ്ക്രിപ്ഷൻ ക്യാൻസൽ ചെയ്യുകയും വേണം.

സൈബർ തട്ടിപ്പിന് ഇരയായാൽ ഉടൻതന്നെ 1930 എന്ന നമ്പറിലോ നാഷണൽ ക്രൈം പോർട്ടലിലോ വിവരം അറിയിക്കേണ്ടത് അനിവാര്യമാണ്. പണം നഷ്ടപ്പെട്ട ആദ്യത്തെ മണിക്കൂറുകളിൽ (GOLDEN HOUR) പരാതി നൽകിയാൽ പണം തിരികെ ലഭിക്കാനുള്ള സാധ്യത കൂടുതൽ ആണെന്ന് പ്രത്യേകം ശ്രദ്ധിക്കുക.

# ഫിത്വ്ർ സകാത്ത്

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157

**1. ഫിത്വ്ർ  സകാത്ത് കൊണ്ടുള്ള വിവക്ഷ എന്ത്?**

റമദാനിന്റെ അവസാനത്തോട് കൂടി ഒരാൾക്ക് ഒരു സ്വാഅ് എന്ന തോതിൽ പാവപെട്ടവർക്കായി ഒരുവിശ്വാസിവിതരണം ചെയ്യുന്ന ഭക്ഷണത്തിനാണ് ഫിത്വ്ർ സകാത്ത് (സകാത്തുൽ ഫിത്വ്ർ) എന്നു പറയുന്നത്.

**2. ഫിത്വ്ർ സകാത്ത് ആർക്കാണ് നിർബന്ധം?**

എല്ലാ മുസ്‌ലിംകൾക്കും നിർബന്ധമാണ്. തന്റെയും തന്റെ ചെലവിന് കീഴിൽ ജീവിക്കുന്നവരുടെയും സകാത്തുൽ ഫിത്വ്ർ ഒരു വിശ്വാസി നൽകൽ നിർബന്ധമാണ്. അബ്ദുല്ലാഹിബ്നു ഉമർ(റ) പറഞ്ഞു: ‘മുസ്‌ലിംകളിൽ പെട്ട സ്വതന്ത്രൻ, അടിമ, സ്ത്രീ, പുരുഷൻ, ചെറിയവൻ, വലിയവൻ എന്നിവരുടെ മേൽ ഒരു സ്വാഅ് കാരക്ക, അല്ലെങ്കിൽ ഒരു സ്വാഅ് ബാർലി എന്ന തോതിൽ നബി(സ്വ) ഫിത്വ്ർ സകാത്ത് നിർബന്ധമാക്കി’ (ബുഖാരി, മുസ്‌ലിം). റമദാനിന്റെ അവസാന ദിവസം സൂര്യൻ അസ്തമിക്കുമ്പോൾ ജീവിച്ചിരിക്കുന്നവർക്കാണ് ഇത് നിർബന്ധം. അതിനാൽ ഗർഭസ്ഥശിശുവിന് സകാത്തുൽ ഫിത്വ്ർ നിർബന്ധമില്ല. അതുപോലെ അസ്തമയത്തിന് മുമ്പ് മരണപ്പെട്ടവർ, അസ്തമയത്തിന് ശേഷം പിറന്ന കുഞ്ഞ് എന്നിവരുടെമേലും നിർബന്ധമില്ല.

**3. സകാത്തുൽ ഫിത്വ്റിലെ യുക്തിയെന്താണ്?**

പെരുന്നാൾ ദിവസം ദരിദ്രർ യാചിക്കാതെ തന്നെ സന്തോഷത്തിലും ആനന്ദത്തിലും സമ്പന്നരോടൊപ്പം പങ്കെടുക്കേണ്ടതുണ്ട്. അതിനാൽ ദരിദ്രരോടുള്ള അനുകമ്പയാണ് സകാത്തുൽ ഫിത്വ്ർ. നോമ്പി ൽ സംഭവിച്ച ന്യൂനതകൾ ഇവ മൂലം പരിഹരിക്കപ്പെടുന്നു. പിശുക്ക് പോലുള്ള മാനസിക ദുർഗുണങ്ങളെ അത് ഇല്ലാതാക്കുന്നു. റമദാനിലെ നോമ്പ് പരിപൂർണമാവാനും രാത്രി നമസ്കാരങ്ങളും മറ്റു സൽകർമങ്ങളും ചെയ്യുവാനും അല്ലാഹു അനുഗ്രഹിച്ചതിനാൽ അല്ലാഹുവോടുള്ള ഒരു നന്ദിപ്രകടനവുമാണിത്. മുസ്‌ലിം സമൂഹത്തിനിടയിൽ ഇതുമൂലം ഐക്യവും സ്നേഹവും ഉടലെടുക്കുന്നു.

**4. ഫിത്വ്ർ സകാത്തായി എന്താണ് നൽകേണ്ടത്? എത്രയാണ് നൽകേണ്ടത്?**

സാധാരണയായി മനുഷ്യർ ഭക്ഷിക്കുന്ന ആഹാര വസ്തുക്കളാണ് സകാത്തുൽ ഫിത്വ്റായി നൽകേണ്ടത്. അബൂസഈദിൽ ഖുദ്‌രി(റ) പറഞ്ഞു: ‘ഞങ്ങൾ നബി(സ്വ)യുടെ കാലത്ത് ഒരു സ്വാഅ് ഭക്ഷണമാണ് സകാത്തുൽ ഫിത്വ്റായി നൽകിയിരുന്നത്. ഞങ്ങളുടെ ഭക്ഷണം ബാർലി, ഉണക്കമുന്തിരി, കാരക്ക, പാൽക്കട്ടി എന്നിവയായിരുന്നു”(ബുഖാരി).

പെരുന്നാൾ ദിവസത്തെ ചെലവുകഴിച്ച് മിച്ചമുള്ള ആളുകളാണ് ഇത് നിർവഹിക്കേണ്ടത്. ഒരാൾക്ക് ഒരു സ്വാഅ് എന്ന തോതിലാണ് സകാത്തുൽ ഫിത്വ്ർ നൽകേണ്ടത്. ഒരു സാധരണക്കാരൻ ഇരുകൈകൾ കൊണ്ടും നാല് പ്രാവശ്യം കോരിയാൽ കിട്ടുന്നതാണ് ഒരു സ്വാഅ്. അരിയാണെങ്കിൽ ഏകദേശം രണ്ടര കിലോ വരും. (കിലോയിലേക്ക് മാറ്റുമ്പോഴുള്ള തൂക്കത്തിൽ പണ്ഡിതൻമാർ വ്യത്യസ്ത അഭിപ്രായം പറഞ്ഞിട്ടുണ്ട്).

**5. സകാത്തുൽ ഫിത്വ്ർ വിതരണം ചെയ്യേണ്ട സമയം എപ്പോഴാണ്?**

ശ്രേഷ്ഠമായ സമയം, അനുവദനീയമായ സമയം എന്നീ രണ്ട് സമയങ്ങൾ ഉണ്ട്. റമദാനിന്റെ അവസാന ദിവസം സൂര്യൻ അസ്തമിച്ചത് മുതൽ പെരുന്നാൾ നമസ്കാരം വരെയാണ് ഉത്തമമായ സമയം.

ഇബ്നു ഉമറിൽ(റ) നിന്നും മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീഥിൽ ജനങ്ങൾ നമസ്കാരത്തിന് പോകുന്നതിന് മുമ്പായി സകാത്തുൽ ഫിത്വ്ർ വിതരണം ചെയ്യാൻ നബി(സ) കൽപിച്ചതായി കാണാം. പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് വിതരണം ചെയ്യുന്നതാണ് അനുവദനീയമായ സമയം.

ഇബ്നു ഉമർ(റ) പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പുതന്നെ വിതരണം ചെയ്തിരുന്നുവെന്ന് സ്വഹീഹുൽ ബുഖാരിയിൽ കാണാം. പെരുന്നാൾ നമസ്കാര ശേഷം വിതരണം ചെയ്താൽ അത് സ്വീകാര്യയോഗ്യമാവില്ല.



# പെരുന്നാൾ സമ്മാനം

അഫ്നിദ ബിൻത് ലത്തീഫ്
വടുതല
(സൽസബീൽ അറബിക് കോളേജ്)

വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലെത്തിയ ഫൈസൽ ഒന്നും മിണ്ടാതെ ഉമ്മറത്ത് ഇരിപ്പുറപ്പിച്ചു. അവന്റെ ചിന്തകളെല്ലാം അടുത്തെത്തിയ പെരുന്നാളിനെപ്പറ്റിയായിരുന്നു. ഏതാനും ദിവസം കഴിഞ്ഞാൽ പെരുന്നാളാണ്. കൂട്ടുകാരെല്ലാം പുത്തനുടുപ്പുകൾ വാങ്ങാനുള്ള ആവേശത്തിലാണ്. പലരും വാങ്ങിക്കഴിഞ്ഞു.

എനിക്കും പുത്തനുടുപ്പ് കിട്ടിയിരുന്നെങ്കിൽ! വാപ്പയുണ്ടായിരുന്നെങ്കിൽ എനിക്കും വാങ്ങിത്തന്നേനെ. തനിക്ക് ആകെയുള്ളത്

രണ്ട് ജോഡി ഷർട്ടും പാന്റ്സുമാണ്. അതിൽ ഒന്ന് കീറിത്തുടങ്ങിയിട്ടുണ്ട്. തന്റെ സങ്കടം ഉമ്മയോട് എങ്ങനെ പറയും? സുഖമില്ലാത്ത അവസ്ഥയിലും വല്ലപ്പോഴും കൂലിപ്പണിക്ക് പോയിട്ടാണ് കഞ്ഞിക്ക് വക കണ്ടെത്തുന്നത്. പിന്നെ ഉമ്മയെ പ്രയാസപ്പെടുത്തുന്നത് എങ്ങനെയാണ്.

ഫൈസൽ ഇട്ടിരുന്ന ഷർട്ടിന്റെ ഒരറ്റം പിടിച്ച് തന്റെ കണ്ണുകൾ തുടച്ചു.

'വേണ്ട... എനിക്ക് പുത്തനുടുപ്പൊന്നും വേണ്ട.' അവൻ ആരോടെന്നില്ലാതെ പതിയെ പറഞ്ഞു.

ഒരു അപകടത്തിലാണ് ഫൈസലിന്റെ വാപ്പ മരണപ്പെട്ടത്. അവന് സഹോദരങ്ങളില്ല. പഠനത്തിൽ വളരെ മിടുക്കനായ ഫൈസലിന്റെ പഠനകാര്യത്തിൽ ഉമ്മ ഏറെ ശ്രദ്ധിക്കുന്നുണ്ട്. തന്റെ മകൻ പഠിച്ചു വലിയ നിലയിൽ എത്തിക്കാണാൻ അവർ ഏറെ കൊതിക്കുന്നു.

'പഠനത്തിൽ നല്ലവണ്ണം ശ്രദ്ധിക്കണം, ആരോടും വഴക്കിടരുത്, കള്ളം പറയരുത്, ആരെയും പറ്റിക്കരുത്, നമുക്ക് ഇല്ലെന്ന് കരുതി മറ്റുള്ളവരുടെ സാധനങ്ങൾ അവരുടെ അനുവാദം ഇല്ലാതെ എടുക്കരുത്, കളഞ്ഞു കിട്ടിയ സാധനങ്ങൾ ഉപയോഗിക്കരുത്...' എന്നിങ്ങനെ അവന്റെ ഉമ്മ അവനെ നിരന്തരം ഉപദേശിക്കുമായിരുന്നു.

'മോനേ, നീ എന്താണ് ഇങ്ങനെ സങ്കടപ്പെട്ട് ഇരിക്കുന്നത്? ചായ കുടിക്കണ്ടേ? പഞ്ചസാര കഴിഞ്ഞിട്ടുണ്ട്. കടയിൽ പോയി അരക്കിലോ പഞ്ചസാര വാങ്ങി കൊണ്ടു വാ.'

ഫൈസൽ കാശു വാങ്ങി നേരെ കുറച്ചകലെയുള്ള കടയിലേക്ക് പോയി. നടന്നു പോകുന്നതിനിടയിൽ തുണിക്കടയിൽ പോയി വസ്ത്രം വാങ്ങി വരുന്ന പലരെയും കണ്ടപ്പോൾ അവന്റെ മനസ്സ് തേങ്ങി. തലയും താഴ്ത്തി നടന്നു നീങ്ങുന്നതിനിടയിലാണ് ഒരു പേഴ്സ് വഴിയിൽ കിടക്കുന്നത് ഫൈസൽ കണ്ടത്. അവൻ ചുറ്റും നോക്കി. ആരെയും കാണുന്നില്ല. കാലിയാകുമോ? ഉള്ളിൽ കാശുണ്ടാകുമോ? എടുത്തു നോക്കണോ? എടുക്കാൻ പാടില്ലെന്ന് ഉമ്മ എപ്പോഴും പറയാറുണ്ടല്ലോ. ഒരുപക്ഷേ, ആരെങ്കിലും ഒഴിവാക്കിയതാകാം. എടുത്തു നോക്കാം.

ഫൈൽ ആ പേഴ്സ് കൈയിലെടുത്തു. അവൻ തരിച്ചു നിന്നു പോയി. അതിൽ അഞ്ഞൂറിന്റെ കുറെ നോട്ടുകൾ! വിറക്കുന്ന കൈകളോടെ അവനത് പാന്റ്സിന്റെ പോക്കറ്റിലിട്ടു. അവന്റെ കുഞ്ഞുമനസ്സിൽ അപ്പോൾ പെരുന്നാളിന്റെ പുതുവസ്ത്രം മാത്രമെ ഉണ്ടായിരുന്നുള്ളൂ.

വീട്ടിലെത്തിയപ്പോൾ ഫൈസൽ ഉമ്മയോട് ചോദിച്ചു: 'ഉമ്മാ, ഞാനൊരു കാര്യം പറഞ്ഞാൽ ദേഷ്യപ്പെടുമോ?'

'എന്റെ മോനോട് ഉമ്മയെന്തിന് ദേഷ്യപ്പെടണം? അതുപോട്ടെ, നീ കാര്യം പറയ്.'

അവൻ കീശയിൽനിന്ന് പേഴ്സെടുത്ത് ഉമ്മയുടെ നേരെ നീട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു: 'ഇത് വഴിയിൽനിന്ന് കിട്ടിയതാ. ഇതുകൊണ്ട് എനിക്ക് പെരുന്നാൾ വസ്ത്രം വാങ്ങിത്തരാമോ ഉമ്മാ?'

അവർ അവന്റെ കൈയിൽനിന്ന് പേഴ്സ് വാങ്ങി തുറന്നു നോക്കി. ആരുടെയോ കളഞ്ഞുപോയ കാശ്! അഞ്ഞൂറിന്റെ പത്ത് നോട്ടുകൾ.

നിറകണ്ണുകളോടെ അവർ മകനെ ചേർത്തുപിടിച്ച് പറഞ്ഞു:

'പുത്തനുടുപ്പില്ലാത്തതിനാൽ എന്റെ മോന് പ്രയാസമുണ്ടെന്ന് ഉമ്മാക്ക് അറിയാം. എന്നാലും തെറ്റ് ചെയ്യരുത് മോനേ. ആ രൂപ നഷ്ടപ്പെട്ടതിനാൽ അതിന്റെ ഉടമ എത്രമാത്രം വേദനിക്കുന്നുണ്ടാകും. അയാൾക്കല്ലേ അതറിയൂ. നമുക്കീ പൈസ വേണ്ട മോനേ. അല്ലാഹു നമുക്ക് ഒരു വഴി കാണിച്ചുതരും. എന്റെ പൊന്നുമോൻ അത് കിട്ടിയ സ്ഥലത്തു തന്നെ കൊണ്ടുപോയി ഇട്ടേക്ക്. അവിടെ കുറച്ചു നേരം കാത്തുനിൽക്ക്. ചിലപ്പോൾ അത് അന്വേഷിച്ച് അതിന്റെ ഉടമ അതുവഴി വരാൻ സാധ്യതയുണ്ട്. മറ്റുള്ളവരുടെ ധനം നമുക്ക് വേണ്ട മോനേ.'

ഫൈസൽ പേഴ്സുമായി അത് കിട്ടിയ സ്ഥലത്തു ചെന്ന്

കാത്തിരിപ്പായി. ഏറെ നേരം അവൻ ആ നിൽപ്പ് തുടർന്നു. ആരും കാണാതായത് തിരഞ്ഞ് അതുവഴി വന്നില്ല.

നേരം സന്ധ്യയാവാറായി. ഇനിയും കാത്തുനിന്നാൽ ഇരുട്ടാകും. പേഴ്സ് ഇവിടെത്തന്നെ ഇട്ട് തിരിച്ചു പോകാം. ആ സമയത്താണ് ഒരാൾ ബൈക്കിൽ അതുവഴി വന്നത്.

അവനെ കണ്ടതും അയാൾ ബൈക്ക് നിറുത്തി ചോദിച്ചു: 'എന്താ മോനേ, ഈ സന്ധ്യാനേരത്ത് ഇവിടെ തനിച്ച് നിൽക്കുന്നത്? വീട്ടിൽ പോകുന്നില്ലേ?'

'എനിക്ക് ഇവിടെനിന്ന് ഒരു സാധനം കളഞ്ഞുകിട്ടി. അതിന്റെ ഉടമസ്ഥൻ തിരഞ്ഞുവരുമോ എന്ന് കാത്തു നിൽക്കുകയാണ്'- ഫൈസൽ പറഞ്ഞു.

'മോനേ, ഒരു പേഴ്സാണോ? ഞാൻ ഇന്ന് ജോലി കഴിഞ്ഞ് ഇതിലെ തിരിച്ചുപോകുമ്പോൾ അത് നഷ്ടപ്പെട്ടിരുന്നു. ഞാൻ അതു തിരഞ്ഞ് വന്നതാണ്. ഈ ഭാഗത്ത് എവിടെയോ ചാടിയതാകാനാണ് സാധ്യത. ഒരു ഫോൺ കോൾ വന്നപ്പോൾ ഞാൻ ഇവിടെ വെച്ച് പോക്കറ്റിൽനിന്ന് ഫോൺ എടുത്തിരുന്നു. അന്നേരം പേഴ്സ് താഴെ വീണതാകാനാണ് സാധ്യത. അഞ്ഞൂറിന്റെ പത്തു നോട്ടുകളാണ് അതിലുണ്ടായിരുന്നത്...'

'ഇതാണോ നിങ്ങളുടെ പേഴ്സ്' എന്നു ചോദിച്ചുകൊണ്ട് ഫൈസൽ അത് അയാളുടെ നേരെ നീട്ടി.

عَلَيْكُمْ بِالصِّدْقِ
فإنّ الصِّدْقَ
يَهْدِي إلى البِرِّ
وإنّ البِرّ يَهْدِي
إلى الجَنّةِ

നിങ്ങൾ സത്യസന്ധത മുറുകെ പിടിക്കുക. നിശ്ചയമായും സത്യസന്ധത നന്മയിലേക്ക് നയിക്കുന്നു, നന്മ സ്വർഗത്തിലേക്കും നയിക്കുന്നു.



അതു കണ്ടപാടെ അയാൾ പറഞ്ഞു: 'ഇതുതന്നെ എന്റെ പേഴ്സ്.'

അയാളത് വാങ്ങി തുറന്നു നോക്കി. അതിൽ മുഴുവൻ കാശുമുണ്ടെന്ന് ഉറപ്പുവരുത്തി.

'മോനേ, വലിയ ഉപകാരം. നീ നല്ലവനാണ്. നീ ആരുടെ കുട്ടിയാ?'

'എനിക്ക് ഉപ്പയില്ല, മരിച്ചുപോയി. ഉമ്മ മാത്രമേയുള്ളൂ.'

അയാൾ അവന്റെ കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞു.

അയാൾ ഫൈസലിനെ ബൈക്കിലിരുത്തി അവന്റെ വീട്ടുപടിക്കൽ കൊണ്ടുപോയി ഇറക്കി. ബൈക്കിന്റെ ശബ്ദം കേട്ട് ഫൈസലിന്റെ ഉമ്മ പുറത്തുവന്നു.

'ആരാ...? എന്താ...?' അവർ പരിഭ്രമത്തോടെ ചോദിച്ചു.

'എന്റെ കളഞ്ഞുപോയ കാശ് നിങ്ങളുടെ മകൻ എനിക്ക് തിരിച്ചുതന്നു. രാത്രിയാകാറായില്ലേ, അതുകൊണ്ട് അവനെ ഇവിടെ കൊണ്ടുവിടാൻ വന്നതാ.'

ഫൈസൽ സലാം പറഞ്ഞ് വീട്ടിലേക്ക് കയറാനൊരുങ്ങവെ അയാൾ ഏതാനും നോട്ടുകളെടുത്ത് ഫൈസലിന്റെ കൈയിൽ കൊടുത്തുകൊണ്ട് പറഞ്ഞു:

'ഇതിരിക്കട്ടെ, എന്റെ വക പേരുന്നാൾ സമ്മാനം. മോനും ഉമ്മാക്കും പെരുന്നാൾ വസ്ത്രം വാങ്ങാനുള്ളത്. അല്ലാഹു അനുഗ്രഹിക്കട്ടെ.'

ഇതും പറഞ്ഞ് അയാൾ സലാം ചൊല്ലി ബൈക്കോടിച്ച് പോയി.

ഫൈസലും ഉമ്മയും ഒരു സ്വപ്നലോകത്തെന്ന പോലെ നിൽക്കെ, അയാളുടെ ബൈക്കിന്റെ ശബ്ദം നേർത്തു നേർത്ത് ഇല്ലാതായി.

# സൂറത്തുന്നംല്

## ഉറുമ്പ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 27

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

فَلَمَّا جَاءَتْ قِيلَ أَهَٰكَذَا عَرْشُكِ ۖ قَالَتْ كَأَنَّهُ هُوَ ۚ وَأُوتِينَا الْعِلْمَ مِن قَبْلِهَا وَكُنَّا مُسْلِمِينَ ﴿٤٢﴾

42 അങ്ങനെ അവൾ വന്നപ്പോൾ (അവളോട്) ചോദിക്കപ്പെട്ടു: 'താങ്കളുടെ സിംഹാസനം ഇതു പോലെയാണോ?' അവൾ പറഞ്ഞു: 'ഇത് അതുതന്നെയാണെന്ന് തോന്നുന്നു. ഇതിനു മുമ്പ് തന്നെ ഞങ്ങൾക്ക് അറിവ് നൽകപ്പെട്ടിരുന്നു. ഞങ്ങൾ മുസ്‌ലിംകളാവുകയും ചെയ്തിരുന്നു.'

*42) (അങ്ങനെ അവൾ വന്നപ്പോൾ) സുലൈമാൻ നബിയുടെ അടുക്കൽ പ്രവേശിച്ചു. അവളുടെ സിംഹാസനം അവൾക്ക് പ്രദർശിപ്പിച്ചു. അവൾ തന്റെ രാജ്യത്ത് ഉപേക്ഷിച്ചു പോന്ന സിംഹാസനമാണെന്ന് അവൾക്ക് മനസ്സിലായി. (താങ്കളുടെ സിംഹാസനം ഇതുപോലെയാണോ?) നിനക്ക് വലിയൊരു സിംഹാസനം ഉണ്ടെന്ന് ഞങ്ങൾക്കറിയാം. ഞങ്ങൾ താങ്കൾക്കു വേണ്ടി കൊണ്ടുവന്ന ഈ സിംഹാസനം അതുപോലെയാണോ? (ഇത് അതു തന്നെയാണെന്ന് തോന്നുന്നു) ഇതിൽനിന്ന് അവളുടെ ബുദ്ധിയും കഴിവും മനസ്സിലാക്കി. അവളുടെ ഈ സാമർഥ്യം അദ്ദേഹത്തിൽ മതിപ്പുണ്ടാക്കി. അതിന് മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് അവൾ പറഞ്ഞില്ല. ഇത് അതുതന്നെയാണ് എന്നും പറഞ്ഞില്ല. രണ്ടിനും സാധ്യതയുള്ള ഒരു പ്രയോഗമാണ് അവൾ നടത്തിയത്. രണ്ടാണെങ്കിലും അത് ശരിയാണ്. അവളുടെ സാമർഥ്യവും ബുദ്ധിയും കണ്ട് സുലൈമാൻ നബി(അ) അത്ഭുതപ്പെട്ട് അല്ലാഹുവിന് നന്ദി പറഞ്ഞു. അദ്ദേഹത്തിന് അല്ലാഹു അവളെക്കാൾ മഹത്ത്വം നൽകിയതിന് അദ്ദേഹം നന്ദി പറഞ്ഞു. (ഇതിനു മുമ്പ് തന്നെ ഞങ്ങൾക്ക് അറിവ് നൽകപ്പെട്ടിരുന്നു) ഇവൾക്കുള്ള ഈ സാമർഥ്യവും ബുദ്ധിയും ദൃഢനിശ്ചയവും എല്ലാം നമുക്ക് മുമ്പേ നൽകപ്പെട്ടു. (ഞങ്ങൾ മുസ്‌ലിംകൾ ആവുകയും ചെയ്തിരിക്കുന്നു) അതാണ് അടിസ്ഥാനപരവും പ്രയോജനകരവുമായ മാർഗദർശനം. ഈ വാക്കുകൾ സബഇലെ രാജ്ഞിയുടെതാകാനും സാധ്യതയുണ്ട്. അങ്ങനെയാകുമ്പോൾ അതിന്റെ അർഥം 'ഈ സംഭവത്തിന്-അവളുടെ സിംഹാസനം കൊണ്ടുവരുന്നതിന് -മുമ്പ് സുലൈമാന്റെ ആധിപത്യത്തെയും അധികാരത്തെയും അവന്റെ മഹത്തായ ശക്തിയെയും കുറിച്ച് ഞങ്ങൾക്ക് അറിവ് ലഭിച്ചു, അതിനാൽ ഞങ്ങൾ അവനെ കീഴൊതുങ്ങിക്കൊണ്ട് വന്നു' എന്നുമാകാം.*

43

وَصَدَّهَا مَا كَانَت تَّعْبُدُ مِن دُونِ اللَّهِ ۖ إِنَّهَا كَانَتْ مِن قَوْمٍ كَافِرِينَ ﴿٤٣﴾

അല്ലാഹുവിന് പുറമെ അവൾ ആരാധിച്ചിരുന്നത് അവളെ തടയുകയും ചെയ്തു. തീർച്ചയായും അവൾ സത്യനിഷേധികളായ ജനതയിൽപെട്ടവളായിരുന്നു.

*43) അല്ലാഹു പറയുന്നു: (അല്ലാഹുവിനു പുറമെ അവൾ ആരാധിച്ചിരുന്നത് അവളെ തടയുകയും ചെയ്തു) അതായത് ഇസ്‌ലാമിൽനിന്ന് അവളെ തടഞ്ഞു. ശരിക്കും അവളുടെ കഴിവും ബുദ്ധിശക്തിയും അസത്യത്തിൽനിന്നും സത്യത്തെ വേർതിരിച്ചു മനസ്സിലാക്കാൻ അവളെ സഹായിക്കേണ്ടിയിരുന്നു. പക്ഷേ, തെറ്റായ വിശ്വാസങ്ങൾ ഹൃദയത്തിന്റെ ഉൾക്കാഴ്ച നഷ്ടപ്പെടുത്തും. (തീർച്ചയായും അവൾ സത്യനിഷേധികളായ ജനതയിൽ പെട്ടവളായിരുന്നു) അതിനാൽ അവൾ അവരുടെ മതത്തിൽ തുടർന്നു. ഒരു മതവിശ്വാസം വെച്ചുപുലർത്തുന്ന ഒരു ജനതയിൽനിന്ന് ഒരാൾ മാത്രം തന്റെ ബുദ്ധി ഉപയോഗിച്ച് അവരുടെ വഴികേട് മനസ്സിലാക്കി വരുക എന്നത് അപൂർവമാണ്. അതിനാൽതന്നെ അവൾ ആ വിശ്വാസത്തിൽ നിലനിന്നു എന്നതിൽ ആശ്ചര്യമില്ല.*

44

قِيلَ لَهَا ادْخُلِي الصَّرْحَ ۖ فَلَمَّا رَأَتْهُ حَسِبَتْهُ لُجَّةً وَكَشَفَتْ عَن سَاقَيْهَا ۚ قَالَ إِنَّهُ صَرْحٌ مُّمَرَّدٌ مِّن قَوَارِيرَ ۗ قَالَتْ رَبِّ إِنِّي ظَلَمْتُ نَفْسِي وَأَسْلَمْتُ مَعَ سُلَيْمَانَ لِلَّهِ رَبِّ الْعَالَمِينَ ﴿٤٤﴾

കൊട്ടാരത്തിൽ പ്രവേശിച്ചുകൊള്ളുക എന്ന് അവളോട് പറയപ്പെട്ടു. എന്നാൽ അവളതു കണ്ടപ്പോൾ അതൊരു ജലാശയമാണെന്ന് വിചാരിക്കുകയും തന്റെ കണങ്കാലുകളിൽ നിന്ന് വസ്ത്രം മേലോട്ട് നീക്കുകയും ചെയ്തു. സുലൈമാൻ പറഞ്ഞു: 'ഇത് സ്ഫടികക്കഷ്ണങ്ങൾ പാകി മിനുക്കിയ ഒരു കൊ ട്ടാരമാകുന്നു.' അവൾ പറഞ്ഞു: 'എന്റെ രക്ഷിതാവേ, ഞാൻ എന്നോടു തന്നെ അന്യായം ചെയ്തിരിക്കുന്നു. ഞാനിതാ സുലൈമാനോടൊപ്പം ലോകരക്ഷിതാവായ അല്ലാഹുവിന് കീഴ്പെട്ടിരിക്കുന്നു.'

*44). ബുദ്ധികളെ വിസ്മയിപ്പിക്കുന്ന തന്റെ ശക്തി അവളെ കാണിക്കാൻ സുലൈമാൻ നബി(അ) ഉദ്ദേശിച്ചു. അവളോട് ഗ്ലാസ് കൊണ്ട് നിർമിച്ച കൊട്ടാരത്തിലേക്ക് പ്രവേശിക്കാൻ നിർദേശിച്ചു. അത് വിശാലമായതും ഉയരത്തിൽ നിർമിച്ചതുമാണ്. അതിനു താഴെ നദികൾ ഒഴുകുന്നു. (കൊട്ടാരത്തിൽ പ്രവേശിച്ചുകൊള്ളുക എന്ന് അവളോട് പറയപ്പെട്ടു. എന്നാൽ അവളത് കണ്ടപ്പോൾ അതൊരു ജലാശയമാണെന്ന് വിചാരിച്ചു) ഗ്ലാസ് സുതാര്യമായതിനാൽ അതിന്റെ തറ ഒരു വെള്ളക്കെട്ട് ആണെന്നും അതിനടിയിൽ വെള്ളം തനിയെ ഒഴുകുന്നതായും അവൾക്ക് തോന്നി. (തന്റെ കണങ്കാലുകളിൽനിന്നും വസ്ത്രം മേലോട്ട് നീക്കുകയും ചെയ്തു) വെള്ളത്തിൽ നീന്താൻ വേണ്ടി തന്റെ കാലുകൾ കാണിച്ചു. ഇതും അവളുടെ ബുദ്ധിക്കും മര്യാദക്കും ഒരുദാഹരണമാണ്. കാരണം അവൾ പ്രവേശിക്കാൻ നിർദേശിച്ചിടത്ത് പ്രവേശിക്കാൻ അവൾ വിസമ്മതിച്ചില്ല. അവൾക്കറിയാം തന്നെ ആദരിക്കാനാണ് അതിലേക്ക് ക്ഷണിച്ചതെന്ന്. സുലൈമാന്റെ ആധിപത്യവും സംവിധാനവും അവൾക്കറിയാമായിരുന്നു. അതിന്റെ നിർമാണത്തിൽ വലിയ യുക്തിയുണ്ടെന്നും ഇതൊക്കെ കണ്ടപ്പോഴും കാലെടുത്തുവെച്ചാൽ ഏതെങ്കിലും നിലക്കുള്ള അപകടത്തിന്റെ യാതൊരു സംശയവും അവൾക്കുണ്ടായില്ല. അവൾ നീന്താൻ തയ്യാറായപ്പോൾ അവളോട് പറയപ്പെട്ടു: (ഇത് സ്ഫടികക്കഷ്ണങ്ങൾ പാകിമിനുക്കിയ ഒരു കൊട്ടാരമാകുന്നു. അതിനാൽ നിങ്ങളുടെ കാലുകൾ നഗ്നമാക്കേണ്ടതില്ല) അതേസമയം, സുലൈമാൻ നബിയുടെ അടുത്തുവെച്ച് ഇതെല്ലാം കണ്ടപ്പോൾ തീർച്ചയായും അദ്ദേഹം ഒരു പ്രവാചകനാണെന്ന്*

*അവൾ മനസ്സിലാക്കി. അവൾ പശ്ചാത്തപിക്കുകയും അവിശ്വാസം ഉപേക്ഷിക്കുകയും ചെയ്തു. (അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ, ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. ഞാനിതാ സുലൈമാനോടൊപ്പം ലോകരക്ഷിതാവായ അല്ലാഹുവിന് കീഴൊതുങ്ങിയിരിക്കുന്നു).*

*സബഅ് രാജ്ഞിയെ കുറിച്ചും അവൾക്കും സുലൈമാൻ നബിക്കുമിടയിൽ നടന്ന സംഭവങ്ങളെക്കുറിച്ചും അല്ലാഹു നമ്മോട് പറഞ്ഞ കാര്യങ്ങൾ ഇത്രയുമാണ്. ബാക്കിയുള്ള കഥകളെല്ലാം ഇസ്രായേലി കഥകളിൽ നിന്ന് വന്നതാണ്. അതിന് അല്ലാഹുവിന്റെ വചനങ്ങളുടെ വ്യാഖ്യാനവുമായി യാതൊരു ബന്ധവുമില്ല. ഖണ്ഡിതമായ തെളിവുകളില്ലാതെയാണ് അതെല്ലാം പറയുന്നത്. അതൊന്നും നബി (സ)യിൽ നിന്ന് വന്നതല്ല. ഇതിൽ വന്ന മിക്ക റിപ്പോർട്ടുകളും സ്ഥിരീകരിക്കപ്പെടാത്തതാണ്. അതിനാൽ അതിശക്തമായിത്തന്നെ നിരാകരിക്കണം. ക്വുർആൻ വ്യാഖ്യാനങ്ങളിൽ അതൊന്നും ഉൾപ്പെടുത്താവതല്ല.*

وَلَقَدْ أَرْسَلْنَا إِلَىٰ ثَمُودَ أَخَاهُمْ صَالِحًا أَنِ اعْبُدُوا اللَّهَ فَإِذَا هُمْ فَرِيقَانِ يَخْتَصِمُونَ ﴿٤٥﴾

**45**

നിങ്ങൾ അല്ലാഹുവെ (മാത്രം) ആരാധിക്കുക എന്ന ദൗത്യവുമായി സമൂദ് സമുദായത്തിലേക്ക് അവരുടെ സഹോദരനായ സ്വാലിഹിനെയും നാം അയക്കുകയുണ്ടായി. അപ്പോഴതാ അവർ അന്യോന്യം വഴക്കടിക്കുന്ന രണ്ടു കക്ഷികളായിത്തീരുന്നു.

*45). ഇവിടെ അല്ലാഹു നമ്മോട് പറയുന്നത്: പ്രസിദ്ധമായ സമൂദ് ഗോത്രത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹ് നബിയെ അയക്കുകയും അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും വിഗ്രഹങ്ങളെയും സമന്മാരെയും ഉപേക്ഷിക്കണമെന്ന് കൽപിക്കുകയും ചെയ്തതിനെ സംബന്ധിച്ചാണ്. (അപ്പോളവർ അന്യോന്യം വഴക്കിടുന്ന രണ്ട് കക്ഷികളായിത്തീർന്നു) അവരിൽ വിശ്വാസികളുണ്ട്. എന്നാൽ അവിശ്വാസികളാണ് അധികവും.*

قَالَ يَا قَوْمِ لِمَ تَسْتَعْجِلُونَ بِالسَّيِّئَةِ قَبْلَ الْحَسَنَةِ ۖ لَوْلَا تَسْتَغْفِرُونَ اللَّهَ لَعَلَّكُمْ تُرْحَمُونَ ﴿٤٦﴾

**46**

അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ എന്തിനാണ് നന്മയെക്കാൾ മുമ്പായി തിന്മയ്ക്ക് തിടുക്കം കൂട്ടുന്നത്? നിങ്ങൾക്ക് അല്ലാഹുവോട് പാപമോചനം തേടിക്കൂടേ? എങ്കിൽ നിങ്ങൾക്കു കാരുണ്യം നൽകപ്പെട്ടേക്കാം.'

*46 (അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ എന്തിനാണ് നന്മയെക്കാൾ തിന്മക്ക് തിടുക്കം കൂട്ടുന്നത്) എന്തുകൊണ്ടാണ് നിങ്ങൾ തിന്മകൾ ചെയ്യാൻ തിടുക്കം കൂട്ടുന്നത്? നിങ്ങൾക്ക് ഇഹത്തിലും പരത്തിലും ഗുണകരമാകുന്ന, നിങ്ങളുടെ എല്ലാ കാര്യത്തിലും നന്മ വരുത്തുന്ന, നല്ല കാര്യങ്ങൾ ചെയ്യുന്നതിനെക്കാൾ നിങ്ങൾ തിന്മകളിൽ തൽപരരാകുന്നത് എന്തുകൊണ്ടാണ്? ദുഷ്പ്രവൃത്തികൾ ചെയ്യേണ്ട യാതൊരു സാഹചര്യവും നിങ്ങൾക്ക് ഇല്ലാതാനും. (നിങ്ങൾക്ക് അല്ലാഹുവോട് പാപമോചനം തേടിക്കൂടേ?) ബഹുദൈവാരാധനയിൽനിന്നും പാപങ്ങളിൽനിന്നും പശ്ചാത്തപിച്ച് അല്ലാഹുവിനോട് പാപമോചനം തേടാത്തത് എന്താണ്? നിങ്ങൾക്ക് പൊറുത്തുതരാൻ അവനോട് പ്രാർഥിക്കാത്തതെന്താണ്? (എങ്കിൽ നിങ്ങൾക്ക് കാരുണ്യം നൽകപ്പെട്ടേക്കാം) അല്ലാഹുവിന്റെ കാരുണ്യം നന്മ ചെയ്യുന്നവരോടൊപ്പമാണ്. പാപത്തിൽനിന്ന് പശ്ചാത്തപിക്കുന്നവർ നന്മ ചെയ്യുന്നവരിൽ പെട്ടവരാണ്.*

# ഹൃദയാഘാതത്തെ തിരിച്ചറിയുക

ഡോ.യുസുഫലി

ഹൃദയപേശികൾക്ക് രക്തം എത്തിച്ചുകൊടുക്കുന്ന കൊറോണറി രക്തധമനികളിൽ രക്തയോട്ടം തടസ്സപ്പെടുമ്പോഴാണ് ഹൃദയാഘാതമുണ്ടാകുന്നത്. കൊറോണറി രക്തക്കുഴലുകളിൽ കൊഴുപ്പടിയുന്നത് മൂലമോ മറ്റു കാരണങ്ങളാലോ വ്യാസം കുറയുകയും രക്തയോട്ടം തടസ്സപ്പെടുകയും ചെയ്യുമ്പോൾ ഹൃദയപേശികൾക്ക് രക്തംകിട്ടുന്ന അളവ് കുറയുകയും ഹൃദയാഘാതത്തിന്റെ ആദ്യലക്ഷണങ്ങൾ അനുഭവപ്പെട്ടു തുടങ്ങുകയും ചെയ്യും. കൊഴുപ്പടിഞ്ഞ് രക്തക്കുഴലുകളുടെ വ്യാസം വളരെ ചുരുങ്ങിക്കഴിഞ്ഞാൽ ഏതു നിമിഷവും പൂർണമായി അടഞ്ഞ് രക്തയോട്ടം സ്തംഭിക്കാം. രക്തയോട്ടം സ്തംഭിക്കുമ്പോൾ രക്തം കട്ടപിടിക്കുന്നു. അങ്ങനെ ഹൃദയപേശികൾക്ക് രക്തം കിട്ടാതെ വരുമ്പോഴാണ് ഹൃദയാഘാതം അഥവാ ഹാർട്ട് അറ്റാക്ക് ഉണ്ടാകുന്നത്.

**ഹൃദയാഘാതവും ഹൃദയസ്തംഭനവും ഒന്നാണോ?**

ഹൃദയരക്തധമനികളിൽ ബ്ലോക്ക് ഉണ്ടായി ഹൃദയപേശികൾ പ്രവർത്തനരഹിതമാകുന്ന അവസ്ഥയാണ് ഹൃദയാഘാതം. ഹൃദയാഘാതത്തിന്റെ ഫലമായി ചിലരിൽ ഹൃദയത്തിന്റെ പ്രവർത്തനം പൂർണമായും നിലച്ചുപോകുന്നു. അതിനാണ് ഹൃദയസ്തംഭനം എന്ന് പറയുന്നത്. ഹൃദയാഘാതം വന്നവർക്ക് വേഗം വൈദ്യസഹായം കിട്ടിയാൽ സ്തംഭനം വരാതെ രക്ഷപ്പെടാം. ഹൃദയാഘാതം ഉണ്ടാകുന്നവരിൽ 10 ശതമാനത്തോളം പേർക്കും ഹൃദയസ്തംഭനം വരാം. ഇത്തരക്കാരാണ് ആശുപത്രി യിലേക്കുള്ള വഴിയിലും ആശുപത്രിയിലെത്തിയ ഉടനെയും മരിച്ചുപോകുന്നത്.

**അൻജൈന**

ഹൃദയപേശികൾക്ക് ആവശ്യത്തിന് രക്തം ലഭിക്കാത്തതിന്റെ ഫലമായുണ്ടാകുന്ന നെഞ്ചുവേദനയാണ് അൻജൈന. ഹൃദയധമനികളിൽ ഉണ്ടാകുന്ന രോഗങ്ങളുടെ പ്രധാന ലക്ഷണമായി ഇതിനെ തിരിച്ചറിയണം. ആവശ്യത്തിന് രക്തം ലഭിക്കാതെ വരുമ്പോൾ ഹൃദയം വേദനയുടെ രൂപത്തിൽ നമുക്ക് സൂചന നൽകുന്നു. നമുക്ക് ശ്വാസം കിട്ടാതെ വരുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് തന്നെയാണ് ഹൃദയം നേരിടുന്നത്.

പലരിലും പലതരത്തിലാണ് ഇത് അനുഭവപ്പെടുക. നെഞ്ചിൽ ചെറിയൊരു ഭാരം കയറ്റിവെച്ചതു പോലെ തോന്നുക, നെഞ്ചെരിച്ചിൽ ഉണ്ടാവുക, നെഞ്ചു വലിഞ്ഞു മുറുകുന്നത് പോലെ തോന്നുക, നെഞ്ചിൽനിന്ന് വേദനകൾ കഴുത്ത്, കൈകൾ, താടിയെല്ല്, പുറം തുടങ്ങിയ ശരീരഭാഗങ്ങളിലേക്ക് പടരുക എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. നെഞ്ചിലും കയ്യിലുമായി വേദന വരുന്ന 70 ശതമാനം പേരിലും അതിനുകാരണം ഹൃദ്രോഗം ആയിരിക്കും. ചിലർക്ക് നെഞ്ചുവേദനയ്ക്ക് പകരം വയറ്റിലാണ് അസ്വസ്ഥത അനുഭവപ്പെടുക. ചിലപ്പോൾ ഓക്കാനം, ഛർദി, ശ്വാസംമുട്ടൽ, തലകറക്കം, വയറിളക്കം എന്നിവയും ഉണ്ടാകാറുണ്ട്

**ഹൃദ്രോഗം വേദനയില്ലാതെ വരുമോ?**

നെഞ്ചുവേദന ഇല്ലാതെയും ഹൃദ്രോഗം ഉണ്ടാവാം. നെഞ്ചുവേദന ഇല്ലാത്തതുകൊണ്ട് ഇവരിൽ പലരും ഹൃദ്രോഗ വിവരം അറിയില്ല. പിന്നീടെപ്പോഴെങ്കിലും ഇ.സി.ജി. എടുക്കുമ്പോഴാണ് രോഗവിവരം അറിയുക. ചിലർക്ക് നെഞ്ചെരിച്ചിലും വിങ്ങലും ഉണ്ടായി കുറച്ചു കഴിഞ്ഞ് അത് മാറിയെന്നു വരാം. ഈ ലക്ഷണങ്ങൾ ഹൃദ്രോഗത്തിന്റെതാണെന്ന് പലരും തിരിച്ചറിയാറില്ല. പ്രമേഹരോഗികളിലാണ് വേദനയില്ലാ തെ ഹൃദ്രോഗം കൂടുതലായി കണ്ടുവരുന്നത്.

**സ്ത്രീകളുടെ ഹൃദ്രോഗ സാധ്യത**

സ്ത്രീകൾക്ക് ഹൃദ്രോഗ സാധ്യത കുറവാണെന്ന ഒരു ധാരണ പൊതുവെയുണ്ട്. എന്നാൽ സ്ത്രീകളിൽ രോഗനിരക്ക് കൂടിവരികയാണെന്ന് പല പഠനങ്ങളും സൂചിപ്പിക്കുന്നു. ആർത്തവ വിരാമമാകുന്നതോടെ സ്ത്രീകളിൽ ഹൃദ്രോഗസാധ്യത വളരെ കൂടുതലാണ്. ഈസ്ട്രജൻ ഹോർമോൺ കുറയുന്നതാണ് ഇതിന് കാരണം. അമിത മാനസികസമ്മർദം, അമിതഭക്ഷണം, കൊളസ്ട്രോൾ, രക്തസമ്മർദം തുടങ്ങിയ കാരണങ്ങളാലും സ്ത്രീകളിൽ ഹൃദ്രോഗം ഉണ്ടാകും.

# വിട പറയുന്ന റമദാൻ

നസീമ വാടാനപ്പള്ളി

പടിഞ്ഞാറൻ ചക്രവാളത്തിൽ
ഒരു വെള്ളിരേഖയായി
റമദാൻ പിറവി കണ്ടപ്പോൾ
വിശ്വാസികളുടെ മനസ്സിൽ
പ്രതീക്ഷയുടെ നിലാവാണ് ഉദിച്ചത്.
വൃദ്ധിക്ഷയങ്ങളിലൂടെ സഞ്ചരിച്ച്
ഒടുവിൽ, ഇതാ... റമദാൻ യാത്രയാകുന്നു.
ജനകോടികൾ പൈദാഹം സഹിച്ച്
റമദാനിലെ പകൽസമയത്തെ
ആത്മസമർപ്പണത്തിന്റേതാക്കി!
സ്രഷ്ടാവിന്റെ വചനങ്ങളിലൂടെ
നാവിനെയും ചിന്തയെയും ചലിപ്പിച്ച്
ജീവിതത്തിന്റെ പൊരുൾ നുകർന്നു.
രാത്രിയുടെ അന്ത്യയാമങ്ങളിൽ
സജലമായ മിഴികളോടെ
പ്രാർഥനയിൽ മുഴുകി,
ജീവിതത്തിലെ അനർഥങ്ങൾക്ക്
പൊറുക്കലിനെ തേടി.
ദാനധർമങ്ങളാൽ റബ്ബിന്റെ
തൃപ്തി നേടാൻ ശ്രമിച്ചു.
റയ്യാൻ എന്ന കവാടത്തിലൂടെ
സ്വർഗത്തിൽ പ്രവേശിക്കാനുള്ള
അദമ്യമായ ആഗ്രഹമാണ്
റമദാനിൽ വിശ്വാസികളെ
ഊർജസ്വലരാക്കുന്നത്.
റമദാനിലെ സൽകർമങ്ങൾക്ക്
വല്ലാത്തൊരു ആസ്വാദ്യതയാണ്.
വിശുദ്ധവേദം അവതീർണമായ
മാസത്തിന്റെ സവിശേഷതയാണത്.
അങ്ങകലെ, മക്കാമരുഭൂമിയിലെ
ഹിറാ ഗുഹയിൽ
നൂറ്റാണ്ടുകൾക്ക് മുമ്പ് മുഴങ്ങിയ
ഇഖ്റഇന്റെ പ്രതിദ്ധ്വനി
ഇപ്പോഴും അടങ്ങിയിട്ടില്ല.
അന്ത്യനാൾവരെയും അത്
മനുഷ്യമനസ്സുകളിൽ ചിന്തയുടെ
ആന്ദോളനങ്ങൾ
സൃഷ്ടിച്ചുകൊണ്ടോയിരിക്കും!
ഖുർആനിന്റെ മാസമേ,
ക്ഷമയുടെയും സഹനത്തിന്റെയും മാസമേ,
സ്വർഗകവാടങ്ങൾ തുറക്കപ്പെടുന്ന മാസമേ,
വിട...!





# സമസ്ത 'കേരള യാത്രകൾ' സമൂഹത്തിന് സമ്മാനിച്ചതെന്ത്?

മൂസ സ്വലാഹി കാര
: 97473 45768

ഇരു സമസ്തകളും വ്യത്യസ്ത താൽപര്യങ്ങൾ മുന്നിൽക്കണ്ടും പലജാതി ആഭ്യന്തര പ്രശ്നങ്ങൾക്ക് പ്രതിവിധി കാണുന്നതിനുമായി ഈയിടെ 'കേരള യാത്ര' നടത്തുകയുണ്ടായി. പുറമെനിന്ന് വീക്ഷിക്കുന്നവർ ഒരുപക്ഷേ, അവയെ കെങ്കേമമായ യാത്രകളായി വിലയിരുത്തിയേക്കാം. എന്നാൽ അകത്തെ അവസ്ഥ നിരീക്ഷണ വിധേയമാക്കപ്പെട്ടാൽ മതത്തിന്റെ യഥാർഥ ആദർശത്തിന് വിരുദ്ധമായ പല നിലപാടുകളും ആ യാത്രകളിൽ ആവർത്തിച്ചതായി കാണാൻ കഴിയും.

സമസ്തയുടെ ശതാബ്ദി സമ്മേളന പ്രചാരണം, സംഘടനക്കകത്തെ തിരുത്തൽവാദികളായ 'ശജറ' വിഭാഗത്തിന്റെ മേധാവിത്വം ഉറപ്പിക്കൽ, നവോത്ഥാനത്തിന്റെ മുഖം മൂടിയണിയൽ തുടങ്ങിയവയായിരുന്നു ജിഫ്രി തങ്ങൾ നടത്തിയ യാത്രകൊണ്ടുള്ള പ്രധാന ലക്ഷ്യങ്ങൾ.

കാന്തപുരത്തിന്റെ മൂന്നാമത്തെ യാത്രയായിരുന്നു ഇക്കഴിഞ്ഞത്. ചേകനൂർ മൗലവിയുടെ തിരോധാന ചർച്ചകളുടെ ചുരുൾ കൂടുതൽ അഴിയാതിരിക്കാൻ 1999ൽ 'മനുഷ്യ മനസ്സുകൾ കോർത്തിണക്കാൻ'

**ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദിനെ വികലമാക്കി അവതരിപ്പിച്ചും അതിന്റെ അടിസ്ഥാന പ്രമാണങ്ങളോട് വിവേചനം കാണിച്ചും ജാറ-മക്ബറ സംസ്‌കാരത്തെ സമ്പ്രദായമാക്കിയും വിശ്വാസി സമൂഹത്തെ തെറ്റായ വഴികളിലേക്ക് നയിക്കുന്ന പിഴച്ച വിഭാഗങ്ങളാണ് ശിയാക്കളും സൂഫികളും. അഹ്‌ലുസ്സുന്നയെ വാക്കിൽ മാത്രമൊതുക്കി, വിശ്വാസത്തിലും ആചാരത്തിലും ഈ പിഴച്ച കക്ഷികളെ കൂട്ടുപിടിച്ചു വളർന്ന സംഘടനയാണ് സമസ്ത! ഒരു നൂറ്റാണ്ടിന്റെ നിറവിൽ ആനന്ദിച്ച് നടത്തിയ യാത്രകളിൽ നിഴലിച്ച് നിന്നതും ഇതുതന്നെയായിരുന്നു.**

എന്ന പ്രമേയത്തിലായിരുന്നു ഒന്നാം യാത്ര. ബോംബെയിലെ ജാലിയൻ വാലയിൽനിന്ന് കിട്ടിയ മുടിക്കെട്ട് നബി(സ്വ)യുടെ തിരുകേശമാണെന്ന നിലയിൽ പ്രദർശിപ്പിച്ചപ്പോൾ നേരിടേണ്ടി വന്ന ശക്തമായ പ്രാമാണിക വിചാരണ സഹിക്കവയ്യാതായ നേരം (2012ൽ) 'മാനവികതയെ ഉണർത്തുന്നു' എന്ന വിഷയത്തിലായിരുന്നു രണ്ടാം യാത്ര. സമസ്തയിൽനിന്ന് പിരിയയഞ്ഞ് പോയി 'സാവിയതുസ്സൂഫിയ്യ' എന്ന പേര് സ്വീകരിച്ച കുരുവട്ടൂർ വിഭാഗത്തെക്കൊണ്ടുള്ള ആദർശ വെല്ലുവിളിക്ക് എന്തെങ്കിലും പരിഹാരമാകും എന്നു നിനച്ച് 2026ന്റെ തുടക്കത്തിൽ 'മനുഷ്യർക്കൊപ്പം' എന്ന മുദ്രാവാക്യത്തിൽ നടത്തിയ യാത്രയാണ് മൂന്നാമത്തേത്.

അഹ്‌ലുസ്സുന്ന വൽജമാഅയുടെ ആദർശപാതയാണെന്ന് വരുത്തിത്തീർത്തും നവോത്ഥാനത്തിന്റെ പിതൃത്വം അവകാശപ്പെട്ടുമുള്ള ഈ യാത്രകളുടെ ഉള്ളുകള്ളികൾ, സമസ്തയാണ് ശരിയുടെ പക്ഷത്തെന്ന് വിചാരിക്കുന്ന സമൂഹത്തിന് മുമ്പിൽ തുറന്ന് കാണിക്കേണ്ടതുണ്ട്

**ശിയാ-സൂഫീ സരണികളെ വെള്ളപൂശുന്ന യാത്രകൾ**

ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദിനെ വികലമാക്കി അവതരിപ്പിച്ചും അതിന്റെ അടിസ്ഥാന പ്രമാണങ്ങളോട് വിവേചനം കാണിച്ചും ജാറ-മക്ബറ സംസ്‌കാരത്തെ സമ്പ്രദായമാക്കിയും വിശ്വാസി സമൂഹത്തെ തെറ്റായ വഴികളിലേക്ക് നയിക്കുന്ന പിഴച്ച വിഭാഗങ്ങളാണ് ശിയാക്കളും സൂഫികളും. അഹ്‌ലുസ്സുന്നയെ വാക്കിൽ മാത്രമൊതുക്കി, വിശ്വാസത്തിലും ആചാരത്തിലും ഈ പിഴച്ച കക്ഷികളെ കൂട്ടുപിടിച്ചു വളർന്ന സംഘടനയാണ് സമസ്ത! ഒരു നൂറ്റാണ്ടിന്റെ നിറവിൽ ആനന്ദിച്ച് നടത്തിയ യാത്രകളിൽ നിഴലിച്ച് നിന്നതും ഇതുതന്നെയായിരുന്നു.

"യഥാർഥത്തിൽ കാലാകാലങ്ങളിൽ സുന്നി-സൂഫി ധാരയുടെ പ്രഖ്യാപിതവും പ്രായോഗികവുമായ നിലപാടും അതുതന്നെയാണല്ലോ. അതേസമയം നവീകരണത്തിന്റെ പേരിൽ മതത്തിന്റെ വിശ്വാസ ആദർശ സംഹിതകളെ വെള്ളം ചേർക്കുകയും രൂപം മാറ്റുകയും ചെയ്യുന്ന മത യുക്തിവാദികളെയും അവരല്ലെന്ന് അവകാശപ്പെട്ടുകൊണ്ട് അവരുടെ ചെയ്തികൾക്ക് ബലം പകരുന്ന പ്രവണതയും തുറന്നു കാണിക്കപ്പെടുകയും കർക്കശമായി എതിർക്കപ്പെടുകയും ചെയ്തു. ബഹുമാനപ്പെട്ട സമസ്ത കേരള ജംഇയ്യത്തുൽ ഉലമ രൂപീകരണ കാലം തൊട്ട് പിന്തുടരുന്ന നിലപാടും സമസ്തയുടെ രൂപീകരണ ലക്ഷ്യവും തന്നെ ഇതാണല്ലോ" (സുന്നിഅഫ്കാർ/2026 ജനുവരി 16-31/പേജ് 37).

"ഇസ്‌ലാമിന്റെ യഥാർഥ രൂപമാണ് സുന്നികൾ പിന്തുടരുന്നത്. അതിനെതിരെ നിന്ന് സമൂഹത്തിൽ ഛിദ്രത സൃഷ്ടിക്കുന്നതുകൊണ്ടാണ് ബിദ്അത്തിനെ ഇക്കാലമത്രയും സമസ്ത എതിർത്തത്. അത് തുടരുക തന്നെ ചെയ്യും. ആദർശത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല" (സുന്നി വോയ്സ്/2026 ഫെബ്രുവരി 1-15/പേജ് 26).

ശിയാ-സൂഫീ ചിന്താധാരകളുടെ ചുവടുപിടിച്ച് പോന്ന സമസ്തക്കാർക്ക് എങ്ങനെയാണ് 'മതത്തിന്റെ വിശ്വാസവും' 'ഇസ്‌ലാമിന്റെ യഥാർഥ രൂപവും' അവകാശപ്പെടാൻ കഴിയുക? അഹ്‌ലുസ്സുന്നയുടെ ആദർശം ജനങ്ങൾക്ക് പകർന്നുകൊടുക്കാനും പ്രമാണങ്ങൾ അവരെ പഠിപ്പിക്കാനും വ്യാജ ത്വരീഖത്തുകളുടെ ബന്ധനത്തിൽ നിന്ന് അവരെ മോചിപ്പിക്കാനും 1924ൽ രൂപീകരിക്കരിക്കപ്പെട്ട പണ്ഡിത സഭയിൽനിന്ന് 1926ൽ തന്നെ പുറത്തു ചാടി ഛിദ്രതയുടെ ചരിത്രം കുറിച്ച സമസ്ത ആ സ്വഭാവം മറ്റുള്ളവരുടെ മേൽ ആരോപിക്കുന്നത് ശരിയാണോ?




അനാചാരങ്ങളുടെ ചൂടും ചൂരുമറിഞ്ഞ മുസ്‌ലിയാക്കന്മാർക്ക് ഒരു നൂറ്റാണ്ട് കാലം പല കോലത്തിലുള്ള പുത്തനാചരങ്ങൾക്കും കാവലും കരുതലുമായി കഴിഞ്ഞുകൂടിയതിന്റെ തിക്തഫലം അനുഭവിക്കേണ്ടി വന്നതിലുള്ള ഖേദ പ്രകടനമാണോ ബിദ്അത്തുകളെ എതിർത്തുവെന്ന് ജൽപിക്കാനുള്ള പ്രചോദനം? സമസ്തയുടെ വിശ്വാസ-ആചാരങ്ങളുടെ പട്ടികയിൽ ഭൂരിഭാഗവും പ്രമാണ പിൻബലമുള്ളവയല്ലെന്നിരിക്കെ ഇവർ നബിചര്യയുടെ വക്താക്കളാണെന്ന് അവകാശപ്പെടുന്നതിൽ എന്ത് അർഥമാണുള്ളത്?

### അഹ്‌ലുസ്സുന്നയായി അറിയപ്പെടാനുള്ള കാട്ടിക്കൂട്ടൽ

സത്യത്തിലേക്ക് വെളിച്ചം വീശിയവരെ വിമർശിക്കാനും അന്ധവിശ്വാസങ്ങളിൽ അകപ്പെട്ട സമൂഹത്തെ അതിൽത്തന്നെ താഴിട്ട് പൂട്ടാനും രംഗപ്രവേശം നടത്തിയ സമസ്ത അഹ്‌ലുസ്സുന്നയായി അറിയപ്പെടാൻ പലപ്പോഴും കൊതിച്ചിട്ടുണ്ട്. രണ്ടു കൂട്ടരും യാത്രക്കിടയിൽ ഇതിനു വേണ്ടി വെമ്പൽ കൊണ്ട് വാചാലരായിട്ടുമുണ്ട്:


"മുഹമ്മദ് നബി(സ) തങ്ങളും സച്ചരിതരായ അവിടുത്തെ പിൻഗാമികളും ജീവിതവഴികളെ പ്രശോഭിതമാക്കിയ അഹ്‌ലുസ്സുന്നയുടെ രാജവീഥികളിലൂടെ കേരളീയ മുസ്‌ലിം ഉമ്മത്തിന് അഭിമാനകരമായ അസ്തിത്വം പകർന്നേകിയ ആത്മീയ പ്രസ്ഥാനമാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ. ആശയാദർശ മൂല്യച്യുതികളൊന്നുമേ ഇല്ലാതെ ആദർശത്തിലുറച്ച ഒരു നൂറ്റാണ്ട് പിന്നിടുന്ന ഈ പണ്ഡിത പ്രസ്ഥാനം ലോകത്തോളം തന്നെ വളർന്നു കഴിഞ്ഞു. നൂറു വർഷക്കാലം ഉമ്മത്തിന്റെ വിശ്വാസത്തിനു കാവൽ കരുത്തായി നിലകൊണ്ട സമസ്തയുടെ സാന്നിധ്യം അഹ്‌ലുസ്സുന്നയിലുറച്ച പാരമ്പര്യ മുസ്‌ലിം ജീവിതത്തിനു വ്യക്തമായ മാനം കേരളീയ പരിസരത്ത് വിതാനിച്ചേകുകയായിരുന്നു" (സുന്നിഅഫ്കാർ/2026 ജനുവരി 16-31/പേജ് 38).

"പാരമ്പര്യ വിശ്വാസാദർശങ്ങളിൽ അണു അളവ് വിട്ടുവീഴ്ചക്ക് തയ്യാറാവാതെയും എല്ലാ മനുഷ്യരെയും ചേർത്തുപിടിക്കാനുള്ള ഉസ്താദിന്റെ ശ്രമങ്ങൾ പരക്കെ പ്രകീർത്തിക്കപ്പെട്ടു" (സുന്നിവോയ്സ്/പേജ് 19).

സ്ഫുടം ചെയ്ത സൂഫീ സരണിയിലാണ് ഞങ്ങളെന്ന് തൊണ്ട കീറുമാറ് പ്രസംഗിച്ചും വലിച്ച് വാരി എഴുതിയും അവരുടെ കള്ളക്കഥകളെ അപ്പടി ഏറ്റെടുത്തും ആദർശം പടുത്തുയർത്തിയ ഇവർക്കെന്ത് മൂല്യമാണുള്ളത്? സൂഫികളോടൊപ്പം കൂടിയതിനാൽ അവരുടെ പാരമ്പര്യ വിശ്വാസത്തിൽ അണു അളവ് വിട്ടുവീഴ്ച കാണിച്ചിട്ടില്ലെന്നത് ശരിതന്നെയാണ്. നൂറ് വർഷക്കാലം സമൂഹത്തെ ത്വരീഖത്തുകളിൽ കുടുക്കിയിട്ടത് ആ പാരമ്പര്യത്തിൽതന്നെ തുടരാനാണല്ലോ.

മതത്തിന്റെ അധ്യാപനങ്ങൾ പൂർത്തിയാക്കിത്തന്ന നബി(സ്വ)യുടെയോ അതിന് സാക്ഷികളായ സ്വഹാബത്തിന്റെയോ ജാറങ്ങൾ എവിടെയെങ്കിലുമുണ്ടോ? ആണ്ട്-ഉറൂസുകളോ, ദുശ്ശകുന വിശ്വാസമോ, നിർമിത സ്വലാത്തുകളോ ഉത്തമ തലമുറയിൽപെട്ടവർക്ക് പരിചയമില്ലാത്തവയാണ്. ഇതെല്ലാം 'ഉള്ളതാണ'ല്ലോ 'സമസ്ത!' എങ്കിൽ, എങ്ങനെയാണിവർ അഹ്‌ലുസ്സുന്നയിലുറച്ച പാരമ്പര്യം സമൂഹത്തിന് പകരുന്നവരാവുക?

ജാറ, മഖ്ബറ വിശ്വാസം വന്ന വഴിയെപ്പറ്റി അവർ എഴുതിയത് കാണുക: "ചരിത്ര പ്രസിദ്ധമായ ധാരാളം മഖ്ബറകളുടെയും സ്മാരകങ്ങളുടെയും നാടാണ് ഈജിപ്ത്. സൂഫിവര്യന്മാരുടെയും അഗ്രേസ്യരായ പണ്ഡിത മഹത്തുക്കളുടെയും നാമങ്ങളിൽ അറിയപ്പെടുന്ന ഒട്ടേറെ സ്ഥലങ്ങളുള്ള ഈ ഭൂമി സുന്നി പൈതൃകത്തിന്റെ പ്രതീകമായി നിലനിൽക്കുന്നു" (അൽമുനീർ 2026/പേജ് 321). പവിത്രവും വഹ്‌യിന്റെ നാടുകളുമായ മക്കയിൽനിന്നും മദീനയിൽനിന്നും ഒരു മഹാന്റെ ജാറവും പൈതൃകമായി എടുത്ത് കാണിക്കാൻ കിട്ടാത്തതിൽ ഇവർ വല്ലാതെ വിഷമിക്കുന്നുണ്ട്. *(തുടരും)*



# റമദാൻ വിടപറയുമ്പോൾ

റോഷൻ പുനലൂർ
: 8590613225

> **ഇന്നല്ലെങ്കിൽ നാളെ മരിക്കുമെന്ന ബോധം നമുക്ക് എപ്പോഴുമുണ്ടാവണം. ഈ ബോധം സജീവമായി മനസ്സിൽ കൊണ്ടുനടക്കുന്നവർക്ക് തെറ്റുകളിൽ നിന്നും വിട്ടുനിൽക്കാൻ സാധിക്കും. ഇഹലോകത്തിന്റെ ചതിക്കുഴികൾ തിരിച്ചറിയാനും ശരിയായ ജീവിത കാഴ്ചപ്പാടുകൾ രൂപീകരിക്കാനും സാധിക്കും. മരണബോധമില്ലാത്തവരാണ് തെറ്റുകളിലും വൃത്തികേടുകളിലും വ്യാപരിക്കുന്നത്. ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കാനും വൈഭക്തിയും സൂക്ഷ്മതയും പുലർത്താനും ഇതിലൂടെ സാധിക്കും.**

വിശുദ്ധ റമദാനിന്റെ അനുഗൃഹീതമായ ദിനരാത്രങ്ങൾ പരിസമാപ്തിയിലേക്ക് അടുക്കുകയാണ്. പുണ്യങ്ങൾ പൂത്തുലഞ്ഞു നിന്നിരുന്ന അസുലഭ ദിവസങ്ങളോട് നാം വിടപറയുകയാണ്. അടുത്ത വർഷം നമ്മിലേക്ക് വിരുന്നെത്തുന്ന റമദാനിൽ അതിനെ വരവേൽക്കാൻ നമ്മിലെത്ര പേരുണ്ടാവും എന്നത് അല്ലാഹുവിനു മാത്രം അറിയുന്ന കാര്യമാണ്.

ഈ പുണ്യമാസം അവസാനിക്കുമ്പോൾ നമ്മൾ നമ്മോട് തന്നെ ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്. ഇത് ആരെയെങ്കിലും ബോധ്യപ്പെടുത്താനോ അല്ലെങ്കിൽ നമ്മൾ വേറെ ആരോടെങ്കിലും ചോദിക്കാനെ ഉള്ളതല്ല, മറിച്ച് നമുക്ക് നമ്മെത്തന്നെ അളക്കാനും പരിശോധിക്കാനുമുള്ളതാണ്.

ഒന്നാമത്തെ ചോദ്യം, ഇത്രയും ദിവസത്തെ വ്രതാനുഷ്ഠാനത്തിന് ശേഷം റബ്ബുമായുള്ള നമ്മുടെ ബന്ധം സുദൃഢമാകും വിധം വല്ല മാറ്റവുമുണ്ടായോയിട്ടുണ്ടോ എന്നതാണ്. ഒരു മാസക്കാലം കഠിനമായ ആരാധനകളിലായിരുന്നല്ലോ നാം. ഇതൊക്കെയും നമ്മെ പടച്ചവനുമായി അടുപ്പിക്കുന്നതായിരുന്നോ? ലോകത്ത് നമുക്ക് പ്രിയപ്പെട്ട എല്ലാറ്റിനെക്കാളും അല്ലാഹുവിനെ സ്നേഹിക്കുന്ന തലത്തിലേക്ക് നമുക്ക് എത്താൻ സാധിച്ചിട്ടുണ്ടോ എന്ന് നാം പരിശോധിക്കണം.

രണ്ടാമത്തെ ചോദ്യം, നമ്മുടെ നമസ്കാരത്തിന്റെ ഇപ്പോഴുള്ള അവസ്ഥ എന്താണ് എന്നതാണ്. എല്ലാ ദിവസങ്ങളിലും കൃത്യമായി ജമാഅത്തിൽ പങ്കെടുക്കാനും ഒന്നാമത്തെ

സ്വഫ്ഫിൽ എത്താനും സാധിക്കുന്നുണ്ടോ? നമസ്കാരത്തിന് മുമ്പും ശേഷവും പള്ളിയിൽ ഇരുന്നുകൊണ്ട് ദിക്റുകളിലും ദുആകളിലും കൂടുതൽ സമയം നമുക്ക് ചെലവഴിക്കാൻ സാധിക്കുന്നുണ്ടോ? നമസ്കാരം എന്നത് സത്യവിശ്വാസിയുടെ, പടച്ചവനുമായുള്ള സംസാരമാണല്ലോ. നമസ്കാരത്തിലേക്ക് പ്രവേശിക്കുമ്പോഴേക്കും നമുക്ക് നമ്മുടെ ചിന്തകളെ രക്ഷിതാവിലേക്ക് കേന്ദ്രീകരിക്കാൻ സാധിക്കണം. തികഞ്ഞ ഏകാഗ്രതയോടെയും ഭക്തിയോടെയുമാണ് നമസ്കാരം നിർവഹിക്കേണ്ടത്. കഴിഞ്ഞ ദിവസങ്ങളിലൂടെ നമ്മുടെ നമസ്കാരം ഈ തലത്തിലേക്ക് ഉയർന്നിട്ടുണ്ടോ എന്ന ചോദ്യം നമ്മൾ സ്വന്തത്തോട് ചോദിക്കുക.

മൂന്നാമത്തെ ചോദ്യം, വിശുദ്ധ ക്വുർആനുമായുള്ള നമ്മുടെ ബന്ധം ഇപ്പോൾ എങ്ങനെയാണ് എന്നതാണ്. റമദാനിന്റെ ശ്രേഷ്ഠതക്കുള്ള പ്രധാന കാരണങ്ങളിൽ ഒന്ന് ഈ മാസത്തിൽ ക്വുർആനിന്റെ അവതരണം ആരംഭിച്ചു എന്നതാണല്ലോ. നമുക്ക് ക്വുർആനുമായി സംവദിക്കാൻ എത്രത്തോളം സാധിച്ചിട്ടുണ്ട്? ക്വുർആനിലെ ആശയങ്ങൾ നമ്മുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങേണ്ടതാണ്. കേവലം പാരായണം ചെയ്യാൻ വേണ്ടി മാത്രം അവതരിപ്പിക്കപ്പെട്ട ഒരു വേദപുസ്തകല്ല ക്വുർആൻ. ലോകത്തുള്ള സകല മനുഷ്യർക്കും സന്മാർഗവും ജീവിത വഴികാട്ടിയുമാണ് ക്വുർആൻ. അതുമായി വിശ്വാസികൾക്ക് ഉണ്ടാവേണ്ടത് ഹൃദയബന്ധമാണ്. വിശ്വാസികൾക്ക് പരലോകത്ത് ലഭിക്കാനിരിക്കുന്ന അനിർവചനീയ മായ സ്വർഗീയ സുഖങ്ങളെക്കുറിച്ച് ക്വുർആൻ നമ്മോട് സംസാരിക്കുന്നുണ്ട്. ധിക്കാരികളും തോന്നിവാസികളുമായി ജീവിച്ചവർക്കുള്ള ഭീകരമായ നരകശിക്ഷകളെക്കുറിച്ചും അതിൽ പ്രതിപാദിക്കുന്നുണ്ട്. ഇതൊക്കെ പാരായണം ചെയ്യുമ്പോൾ അവ നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും സ്വാധീനം ചെലുത്തേണ്ടതുമാണ്. കഴിഞ്ഞ ഒരു മാസത്തിനിടയിൽ നമ്മിൽ എത്രപേർക്ക് വിശുദ്ധ ക്വുർആൻ ഒരാവർത്തിയെങ്കിലും പാരായണം ചെയ്യാൻ സാധിച്ചിട്ടുണ്ട്? എത്ര ആയത്തുകൾ മനഃപാഠമാക്കാനും അവയുടെ ആശയങ്ങൾ മനസ്സിലാക്കാനും സാധിച്ചിട്ടുണ്ട്?

നാലാമത്തെ ചോദ്യം, ഹറാമുകളോടുള്ള നമ്മുടെ നിലപാട് എങ്ങനെയാണിപ്പോൾ എന്നതാണ്. മനസ്സുകൊണ്ടും ശരീരംകൊണ്ടുമുള്ള ഹറാമുകളിൽനിന്നും നമുക്ക് വിട്ടുനിൽക്കാൻ സാധിക്കണം. ഫെയ്സ്ബുക്കിലും യൂ ട്യൂബിലും മറ്റിതര സോഷ്യൽ മീഡിയകളിലും വന്നുകൊണ്ടിരിക്കുന്ന വൃത്തികേടുകളിൽ നിന്നും അനാവശ്യങ്ങളിൽനിന്നും എത്രത്തോളം നമുക്ക് നമ്മെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. സാമ്പ ത്തിക രംഗത്ത് കടന്നുവരാൻ സാധ്യതയുള്ള ധാരാളം ഹറാമുകളുണ്ട്. സാമൂഹികരംഗത്തും ധാരാളം ഹറാമുകളുണ്ട്. ഇതിലൊക്കെ നമ്മൾ എങ്ങനെയാണിപ്പോൾ ഇടപെട്ടു കൊണ്ടിരിക്കുന്നത് എന്ന കാര്യം അവലോകനത്തിന് വിധേയമാക്കേണ്ടതാണ്.

അഞ്ചാമത്തെ ചോദ്യം, കഴിഞ്ഞ ഏതെങ്കിലും ദിവസങ്ങളിൽ നമ്മൾ നമ്മുടെ റബ്ബിനെയും നമ്മുടെ പരലോകത്തെയും ആലോചിച്ചു കരഞ്ഞിട്ടുണ്ടോ എന്നതാണ്. നമ്മുടെ ഉറ്റവരുടെയും ഉടയവരുടെയും വേർപാട് ഉണ്ടാകുമ്പോഴും ജീവിതത്തിൽ ചില പ്രയാസങ്ങൾ ഉണ്ടാകുമ്പോഴുമൊക്കെ നാം കരയാറുണ്ട്. നമുക്ക് ശാശ്വതമായി ജീവിക്കാനുള്ള ലോകമാണ് പരലോകം. അവിടെ രണ്ടാലൊരു ജീവിതം മാത്രമെ നമുക്ക് ഉണ്ടാവുകയുള്ളൂ. ഒന്നുകിൽ സ്വർഗജീവിതം, അല്ലെങ്കിൽ നരകജീവിതം. അവിടത്തെ അവസ്ഥ എന്തായിരിക്കുമെന്ന ചിന്ത നമ്മുടെ ജീവിതത്തെ പരിവർത്തിപ്പിക്കാൻ സഹായിക്കും.

ആറാമത്തെ ചോദ്യം, ആളുകളുമായുള്ള നമ്മുടെ ബന്ധവും അവരോടുള്ള നമ്മുടെ പെരുമാറ്റവും ഇപ്പോൾ എങ്ങനെയാണ് എന്നതാണ്. അമിതമായ ദേഷ്യം, പരദൂഷണവും ഏഷണിയും, കളവ് പറയൽ എന്നിങ്ങനെയുള്ള ദുഃസ്വഭാവങ്ങളിൽനിന്നും നമുക്ക് എത്രത്തോളം മാറിനിൽക്കാൻ കഴിഞ്ഞു? മറ്റുള്ളവരെ ചേർത്തുപിടിക്കാനും ആശ്വാസം നൽകാനും നമുക്ക് സാധിച്ചിട്ടുണ്ടോ?

ഈ ആറു ചോദ്യങ്ങളും നമ്മൾ നമ്മോട് ഉറക്കെ ചോദിക്കണം. ഈ ചോദ്യങ്ങൾ നാളേക്ക് വെക്കാനുള്ളതല്ല. അതെ, എന്നാണ് ഉത്തരമെങ്കിൽ അല്ലാഹുവിനു സ്തുതികളർപ്പിക്കുക. അല്ല എന്നാണ് ഉത്തരമെങ്കിൽ നമ്മൾ ഇതൊക്കെ ശരിയാക്കിയെടുക്കേണ്ടതുമുണ്ട്. നിരാശരാവേണ്ടതോ പരിഭ്രമിക്കേണ്ടതോ ഇല്ല. ഇനിയുള്ള ദിവസങ്ങളിൽ ജാഗ്രതയോടെ കാര്യങ്ങൾ ശരിയാക്കുക.

ഈ അനുഗൃഹീത മാസം കഴിയുമ്പോൾ നമ്മെ നയിക്കേണ്ടത് പ്രധാനമായും രണ്ട് കാര്യങ്ങളാണ്. അതിലൊന്ന് അല്ലാഹുവിനെ അങ്ങേയറ്റം സ്നേഹിക്കാൻ സാധിക്കുക എന്നതാണ്. നമ്മുടെ മാതാപിതാക്കൾ, മക്കൾ, കൂട്ടു

കുടുംബാദികൾ എന്നിവരെക്കാളുമൊക്കെ പടച്ചവനെ ഇഷ്ടപ്പെടാൻ സാധിക്കണം. നമ്മൾ അല്ലാഹുവിനോട് അടുക്കുമ്പോൾ അതിനെക്കാൾ വേഗം അവൻ നമ്മളോടും അടുക്കും. "ഒരു അടിമ എന്നോട് ഒരു ചാൺ അടുത്താൽ ഞാൻ അവനോട് ഒരു മുഴം അടുക്കും. അവൻ എന്റെ അടുത്തേക്ക് നടന്നു വന്നാൽ ഞാൻ അവന്റെ അടുത്തേക്ക് ഓടിപ്പോകും"(സ്വഹീഹുൽ ബുഖാരി).

അല്ലാഹുവിനെ സ്നേഹിക്കുമ്പോൾ അവൻ നമ്മെയും സ്നേഹിക്കും. ഒരാളെ നമ്മൾ ഇഷ്ടപ്പെട്ടാൽ പിന്നെ അയാളെ കാണാൻ നമുക്ക് വല്ലാത്ത ആഗ്രഹമായിരിക്കും. പ്രിയപ്പെട്ടവരെ എപ്പോഴും കാണാനും അവരുടെ സാമീപ്യം ലഭിക്കാനും നമുക്ക് വല്ലാത്ത ആഗ്രഹമായിരിക്കും. അതുകൊണ്ട് തന്നെയാണ് പടപ്പുകൾക്ക് തങ്ങളുടെ പ്രിയപ്പെട്ട പടച്ചവനെ കാണാനുള്ള ആഗ്രഹം ഉണ്ടാവുന്നത്. അല്ലാഹുവിനെ കണ്ടുമുട്ടുക എന്നത് ഏതൊരു വിശ്വാസിയുടെയും വല്ലാത്തൊരു ആഗ്രഹമാണ്. ഈ ആഗ്രഹത്തിന്റെ സാക്ഷാത്കാരം സ്വർഗത്തിൽ വെച്ച് സത്യവിശ്വാസികൾ അനുഭവിക്കും. സ്വർഗവാസികളുടെ ഏറ്റവും വലിയ ആസ്വാദനവും അനുഗ്രഹവും എന്നത് അല്ലാഹുവിന്റെ തിരുമുഖ ദർശനമാണ്. അല്ലാഹുവിന്റെ തിരുമുൽക്കാഴ്ച എന്നതിനെക്കാളും വലിയൊരു ഭാഗ്യം സത്യവിശ്വാസികൾക്ക് ലഭിക്കാനില്ല.

സുഹൈബി(റ)ൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "സ്വർഗക്കാർ സ്വർഗത്തിൽ പ്രവേശിച്ചാൽ, അല്ലാഹു അവരോടു ചോദിക്കും: 'ഞാൻ നിങ്ങൾക്ക് വല്ലതും അധികരിപ്പിച്ച് നൽകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?' അവർ മറുപടി പറയും: 'നീ ഞങ്ങളുടെ മുഖം വെളുപ്പിച്ച് (ഞങ്ങൾക്ക് സന്തോഷം നൽകി) നൽകിയല്ലോ. ഞങ്ങളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ഞങ്ങളെ നരകത്തിൽ നിന്നു രക്ഷപ്പെടുത്തുകയും ചെയ്തുതന്നല്ലോ.' (ഇനി എന്താണ് ഞങ്ങൾക്കു വേണ്ടത് എന്നു സാരം). നബി(സ്വ) പറഞ്ഞു: 'അതോടെ അല്ലാഹു മറയെ നീക്കും. അതിൽ പിന്നെ തങ്ങളുടെ റബ്ബിനെ നോക്കിക്കാണുന്നതിനെക്കാൾ ഇഷ്ടപ്പെട്ടതായി മറ്റൊന്നും തന്നെ അവർക്ക് നൽകപ്പെട്ടിട്ടുണ്ടാവില്ല" (മുസ്‌ലിം).

സ്വർഗത്തിൽ സത്യവിശ്വാസികളുടെ ആഘോഷങ്ങൾ അവരുടെ റബ്ബിനെ അവർ സന്ദർശിക്കുന്ന ദിവസങ്ങളാണ്. അല്ലാഹുവിനെ കാണണം എന്ന അദമ്യമായ ആഗ്രഹത്തോടെ ഈ ലോകത്ത് ജീവിക്കുന്നവർക്ക് തീർച്ചയായും അത് ലഭിക്കുകതന്നെ ചെയ്യും. അന്ന് സന്തോഷാധിക്യത്താൽ സജ്ജനങ്ങളുടെ മുഖങ്ങൾ പ്രശോഭിക്കുകയും പ്രസന്നമാവുകയും ചെയ്യും. 'ചില മുഖങ്ങൾ അന്ന് പ്രസന്നതയുള്ളതും, അവയുടെ രക്ഷിതാവിന്റെ നേർക്ക് ദൃഷ്ടി തിരിച്ചവയുമായിരിക്കും' (ക്വുർആൻ:75/22,23).

റമദാനിന് ശേഷം സത്യവിശ്വാസികളെ നയിക്കേണ്ട രണ്ടാമത്തെ കാര്യം താൻ ഈ ലോകത്തുനിന്നും വിടപറഞ്ഞു പോകേണ്ടവനാണ് എന്ന ബോധമാണ്. ഈ ബോധം എപ്പോഴും ഹൃദയത്തിൽ സജീവമായിട്ടുണ്ടാവണം. മരണം എന്നത് ഏതു സമയത്തും എവിടെ വെച്ചും സംഭവിക്കാനുള്ളതാണ്. കഴിഞ്ഞ വർഷം നമ്മുടെ കൂടെ റമദാനിലെ നോമ്പ് എടുക്കുകയും പെരുന്നാൾ ആഘോഷിക്കുകയും ചെയ്തവരിൽ പലരുമിന്ന് ഈ ലോകത്തില്ല. അവരിൽ ചെറുപ്പക്കാരും പ്രായമായവരും കുരുന്നുകളുമുണ്ട്. അസുഖം വന്നു മരിച്ചവരും അപകടത്തിൽ പെട്ട് മരിച്ചവരും പ്രായാധിക്യത്താൽ മരിച്ചവരും പ്രത്യക്ഷമായ ഒരു കാരണവുമില്ലാതെ പെട്ടെന്ന് മരിച്ചവരുമുണ്ട്. നമ്മുടെ ഉറ്റവരുണ്ട്, കൂട്ടുകാരുണ്ട്, സഹപ്രവർത്തകരുണ്ട്. ലോകം അടക്കിഭരിച്ചവരും അഹങ്കരിച്ചവരും ഇന്ന് ഈ ലോകത്തില്ല. "എത്രയെത്ര അരുവികളും ആരാമങ്ങളും മണിമേടകളുമാണ് അവർ ഉപേക്ഷിച്ചുപോയത്! അവരാസ്വദിച്ചു പോന്ന എന്തെല്ലാം ജീവിതൈശ്വര്യങ്ങൾ! ഒക്കെയും അവർ പിറകിൽ ഉപേക്ഷിച്ചുപോയി. ഇതത്രെ അവർക്കുണ്ടായ പര്യവസാനം. അവരുടെ വിഭവസമൃദ്ധിക്ക് നാം മറ്റൊരു ജനത്തെ അവകാശികളാക്കി. ആകാശമോ ഭൂമിയോ അവർക്കുവേണ്ടി കരഞ്ഞില്ല. അവർക്ക് അൽപവും അവസരം ലഭിച്ചതുമില്ല" (ക്വുർആൻ 44/25-29).

ഇന്നല്ലെങ്കിൽ നാളെ മരിക്കുമെന്ന ബോധം നമുക്ക് എപ്പോഴുമുണ്ടാവണം. ഈ ബോധം സജീവമായി മനസ്സിൽ കൊണ്ടുനടക്കുന്നവർക്ക് തെറ്റുകളിൽനിന്നും വിട്ടുനിൽക്കാൻ സാധിക്കും. ഇഹലോകത്തിന്റെ ചതിക്കുഴികൾ തിരിച്ചറിയാനും ശരിയായ ജീവിത കാഴ്ചപ്പാടുകൾ രൂപീകരിക്കാനും സാധിക്കും. മരണബോധമില്ലാത്തവരാണ് തെറ്റുകളിലും വൃത്തികേടുകളിലും വ്യാപരിക്കുന്നത്. ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കാനും ദൈവഭക്തിയും സൂക്ഷ്മതയും പുലർത്താനും ഇതിലൂടെ സാധിക്കും. ■



ക്വുർആനിലെ സാർവലൗകിക വിളികൾ ⑩

# ക്വുർആൻ; മനസ്സിന്റെ മരുന്നും ജീവിതത്തിന്റെ വെളിച്ചവും

ഇഅ്ജാസ് ബിൻ ഇസ്മാഈൽ,
മസ്കത്ത്
: 00968-98242217

പുറമെ ചിരിക്കുമ്പോഴും ഉള്ളിൽ വലിയൊരു ശൂന്യതയും സങ്കടവും പേറുന്നവരാണ് മനുഷ്യരിൽ പലരുമിന്ന്. ടെൻഷൻ, ഡിപ്രഷൻ, ഉത്കണ്ഠ തുടങ്ങിയ വാക്കുകൾ നിത്യജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. ശരീരത്തിന്റെ വിശപ്പിന് ഭക്ഷണവും രോഗത്തിന് മരുന്നും കണ്ടെത്തിയ മനുഷ്യൻ, തന്റെ മനസ്സിന്റെ വിശപ്പിനും രോഗത്തിനും പരിഹാരം കാണാതെ അലയുകയാണ്.

ഈ അലച്ചിലിന് വിരാമമിടാൻ പ്രപഞ്ചസ്രഷ്ടാവ് മനുഷ്യകുലത്തിന് നൽകിയ നാല് വലിയ സമ്മാനങ്ങളെക്കുറിച്ച് പരിചയപ്പെടുത്തുന്നതാണ് സൂറതു യൂനുസിലെ 57ാം വചനം.

ശാരീരിക രോഗങ്ങൾക്ക് മരുന്ന് തേടി നാം ആശുപത്രികൾ തോറും കയറിയിറങ്ങാറുണ്ട്. എന്നാൽ മനസ്സിനെയും ആത്മാവിനെയും ബാധിക്കുന്ന രോഗങ്ങൾക്ക് (മാനസിക സമ്മർദം, അസൂയ, വെറുപ്പ്, നിരാശ...) എവിടെയാണ് മരുന്ന്? ആധുനികലോകം ഏറ്റവും കൂടുതൽ ഉത്തരം തേടുന്ന ഈ ചോദ്യത്തി നുള്ള മറുപടി കൂടിയാണ് ഈ വചനം.

يَا أَيُّهَا النَّاسُ قَدْ جَاءَتْكُم مَّوْعِظَةٌ مِّن رَّبِّكُمْ وَشِفَاءٌ لِّمَا فِي الصُّدُورِ وَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ

“ഹേ, മനുഷ്യരേ! നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും മനസ്സുകളിലുള്ള രോഗത്തിന് ശമനവും നിങ്ങൾക്കു വന്നുകിട്ടിയിരിക്കുന്നു. സത്യവി

ശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു)."

സദുപദേശം (മൗഇദത്ത്): കേവലം ഒരു ഉപദേശം മാത്രമല്ല ഇത്. തെറ്റ് ചെയ്യുമ്പോൾ തിരുത്തിത്തരികയും, ശരി ചെയ്യുമ്പോൾ പ്രോത്സാഹിപ്പിക്കുകയും, ഹൃദയത്തിൽ തട്ടും വിധം സ്നേഹത്തോടെ ഗുണദോഷിക്കുകയും ചെയ്യുന്ന രീതിയാണത്.

ജീവിതത്തിന്റെ തിരക്കുകളിൽ നാം മറന്നുപോകുന്ന സത്യങ്ങളെ -അല്ലാഹുവിന്റെ ഏകത്വം, മരണം, അന്ത്യദിനം, നന്മയും തിന്മയും- മനസ്സിലേക്ക് തിരിച്ചെത്തിക്കുന്ന ഒരു മൃദുലമായ ഓർമപ്പെടുത്തലാണത്. അത് കുറ്റപ്പെടുത്തലല്ല, സ്നേഹപൂർവം നേർവഴിയിലേക്ക് വിളിക്കലാണ്.

ഒരു മെഷീൻ ഉണ്ടാക്കിയ കമ്പനി അതിന് നൽകുന്ന 'യൂസർ മാനുവൽ' പോലെയാണിത്. മനുഷ്യനെ സൃഷ്ടിച്ച റബ്ബിന് മാത്രമെ അവന് എന്ത് ഉപദേശമാണ് വേണ്ടതെന്ന് കൃത്യമായി അറിയൂ. പാപങ്ങളിൽ നിന്ന് അകന്നു നിൽക്കാനും നന്മയിൽ ജീവിക്കാനുമുള്ള ഓർമപ്പെടുത്തലുമാണത്.

മനസ്സുകളിലുള്ള രോഗത്തിന് ശമനം (ശിഫ): ഇതാണ് ഈ വചനത്തിലെ ഏറ്റവും ശ്രദ്ധേയമായ ഭാഗം. 'ലിമാ ഫിസ്സുദൂർ' (നെഞ്ചുകളിലുള്ളതിന് ശമനം) എന്നാണ് പറഞ്ഞത്. എന്താണ് നെഞ്ചുകളിലുള്ള രോഗം?

അത് ക്യാൻസറോ ഹൃദ്രോഗമോ അല്ല. മറിച്ച്, സംശയം, അഹങ്കാരം, അസൂയ, പക, അത്യാഗ്രഹം, നിരാശ തുടങ്ങിയ, ഹൃദയത്തെ ബാധിക്കുന്ന രോഗങ്ങളാണ്. ഇവയെല്ലാം ഹൃദയത്തെ കീറിപ്പറിക്കുന്ന രോഗങ്ങളാണ്. ക്വുർആൻ അവയ്ക്ക് ശമനമാണ്. അതിന്റെ വചനങ്ങൾ ഹൃദയത്തിലേക്ക് ഇറങ്ങുമ്പോൾ, ഒരു തണുത്ത മഴപോലെ ആ രോഗങ്ങളെ ശമിപ്പിക്കുന്നു. ക്വുർആൻ പാരായണം ചെയ്യുന്നത് കേൾക്കുമ്പോഴോ സ്വയം പാരായണം ചെയ്യുമ്പോഴോ ഒക്കെ നെഞ്ചിലെ ഭാരം കുറയുന്നത്, കണ്ണുകൾ നനയുന്നത്, മനസ്സ് ശാന്തമാകുന്നത് ഇത് വായിക്കുന്ന പലർക്കും അനുഭവപ്പെട്ടിട്ടുണ്ടാകും.

വൈദ്യശാസ്ത്രത്തിൽ മരുന്നില്ലാത്ത ഈ രോഗങ്ങളെ ക്വുർആൻ ചികിത്സിക്കുന്നു. സ്രഷ്ടാവിനെക്കുറിച്ചുള്ള അറിവ്, പരലോകബോധം, വിധിയിലുള്ള വിശ്വാസം എന്നിവയിലൂടെ മനസ്സിന് ശാന്തിയും സമാധാനവും നൽകുന്നു. ക്വുർആൻ പാരായണം ചെയ്യുന്നവന്റെയും അത് പഠിക്കുന്നവന്റെയും മനസ്സിൽ നിന്ന് ഭയവും ആശങ്കയും നീങ്ങിപ്പോകുന്നത് ഇതിനാലാണ്.

സന്മാർഗം (ഹുദ): രോഗം മാറിയാൽ പിന്നെ വേണ്ടത് മുന്നോട്ട് പോകാനുള്ള വഴിയാണ്. അതാണ് 'ഹുദ' അഥവാ ഗൈഡൻസ്.

എന്തിനു വേണ്ടി ജീവിക്കണം, എങ്ങനെ ജീവിക്കണം എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരമാണിത്. ഇരുട്ടിൽ തപ്പുന്ന മനുഷ്യന് വഴി കാണിക്കാൻ വെളിച്ചം അത്യാവശ്യമാണ്. ക്വുർആൻ ആ വെളിച്ചമായി മാറുന്നു. അത് ശരിയും തെറ്റും വേർതിരിച്ചു കാണിച്ചുതരുന്നു.

കാരുണ്യം (റഹ്മത്ത്): മേൽ പറഞ്ഞ മൂന്ന് കാര്യങ്ങളും (ഉപദേശം, ശമനം, സന്മാർഗം) ലഭിക്കുന്നവന് അല്ലാഹു നൽകുന്ന അന്തിമ ഫലമാണ് 'കാരുണ്യം.' ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം; വചനത്തിന്റെ തുടക്കത്തിൽ 'മനുഷ്യരേ' എന്നു വിളിച്ച് എല്ലാവർക്കും ഉപദേശവും ശമനവുമാണെന്ന് പറഞ്ഞു. എന്നാൽ വചനത്തിന്റെ അവസാനം 'വിശ്വാസികൾക്ക്' (ലിൽ മുഅ്മിനീൻ) സന്മാർഗവും കാരുണ്യവുമാണ് എന്ന് എടുത്തു പറഞ്ഞു. അതായത്, ക്വുർആൻ എന്ന മരുന്ന് എല്ലാവർക്കും ലഭ്യമാണ്. പക്ഷേ, അത് ഉപയോഗിച്ച് (വിശ്വസിച്ച്) രോഗം ഭേദമാക്കുന്നവർക്ക് (വിശ്വാസികൾക്ക്) മാത്രമെ അതിലെ സന്മാർഗവും കാരുണ്യവും പൂർണമായി അനുഭവിക്കാൻ കഴിയൂ.

ഈ വചനം മനുഷ്യന് നൽകുന്ന ആശ്വാസം ചെറുതല്ല. നിങ്ങൾ മാനസികമായി തളർന്നിരിക്കുകയാണോ? ജീവിതത്തിൽ വഴിമുട്ടി നിൽക്കുകയാണോ? എങ്കിൽ പരിഹാരം മറ്റെവിടെയുമല്ല, നിങ്ങളുടെ കൈയിലുള്ള ഈ വേദഗ്രന്ഥത്തിലുണ്ട്. അതൊരു അത്ഭുത മരുന്നാണ്. അത് തുറന്നു വായിക്കാനും അത് നൽകുന്ന സന്ദേശങ്ങൾ ജീവിതത്തിൽ പകർത്താനും തയ്യാറായാൽ, അസ്വസ്ഥമായ മനസ്സുകൾക്ക് ശാന്തി ലഭിക്കുമെന്നത് ഉറപ്പാണ്. അതിന്റെ താളവും അർഥവും ഹൃദയത്തിൽ തൊടുമ്പോൾ, ശാന്തതയുടെ ഒരു നദി ഒഴുകിത്തുടങ്ങുന്നു. അതുകൊണ്ട്, ഈ ആയത്ത് വായിക്കുമ്പോഴോ കേൾക്കുമ്പോഴോ ഒരു നിമിഷം നിന്ന് ചിന്തിക്കുക: എന്റെ നെഞ്ചിലെ ഏത് രോഗത്തിനാണ് ഞാൻ ശമനം തേടേണ്ടത്? ക്വുർആൻ അതിനുള്ള ഔഷധമായി എനിക്ക് സ്വീകരിക്കാമോ? അല്ലാഹു നമ്മുടെ ഹൃദയങ്ങൾക്ക് ശമനവും മാർഗദർശനവും കാരുണ്യവും നൽകട്ടെ-ആമീൻ. *(തുടരും)*

# വിശ്വാസിയുടെ ജീവിതത്തിൽ പശ്ചാത്താപത്തിന്റെ പ്രസക്തി

ഉസ്മാൻ പാലക്കാഴി
: 9656 292 244

*അനസ്(റ) നിവേദനം, നബി(സ്വ) പറയുന്നതായി ഞാൻ കേട്ടു: "അല്ലാഹു പറഞ്ഞു: 'ആദം സന്താനമേ, നീയെന്നോട് പ്രതീക്ഷാപൂർവം പ്രാർഥിക്കുമ്പോഴൊക്കെ നിന്നിൽനിന്നുണ്ടായ പാപങ്ങളെ ഞാൻ പൊറുത്തുതരുന്നതാണ്. ആകാശത്തിലെ കാർമേഘങ്ങൾ കണക്കെയുള്ള പാപങ്ങളുമായി നീയോടന്നോട് മാപ്പിരന്നാലും ശരി, ഞാൻ നിനക്കായി മാപ്പേകുന്നതാണ്. ഭൂമിയോളം പാപവുമായി, ശിർക്ക് ചെയ്യാത്തവിധം നീയെന്നെ കണ്ടുമുട്ടുന്നുവെങ്കിൽ അത്രത്തോളംതന്നെ മാപ്പുമായി നിന്നിലേക്ക് ഞാൻ വന്നെത്തുന്നതാണ്"(തിർമുദി).*

ശരീരത്തെയും മനസ്സിനെയും മാലിന്യമുക്തമാക്കുവാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. ശരീരത്തിലെ മാലിന്യം കഴുകിക്കളയാം. അങ്ങനെ ശരീരം വൃത്തിയാക്കാം. മനസ്സിലെ മാലിന്യം വൃത്തിയാക്കേണ്ടത് തെറ്റുകുറ്റങ്ങൾ വർജിച്ചുകൊണ്ടും പശ്ചാത്താപിച്ചുകൊണ്ടുമാണ്. അല്ലാഹു പറയുന്നു:

"തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു" (2:222).

പാപം മനുഷ്യസഹജമാണ്. പശ്ചാത്താപമാണ് അതിന്ന് പരിഹാരം. പശ്ചാത്തപിക്കുന്നവരാണ് പാപം ചെയ്തവരിലെ ശ്രേഷ്ഠൻമാർ. നബി(സ്വ) പറഞ്ഞു: "ആദമിന്റെ പുത്രന്മാർ എല്ലാവരും തെറ്റുചെയ്യുന്ന വരാണ്. തെറ്റുചെയ്യുന്നവരിൽ ഉത്തമന്മാർ പശ്ചാത്തപിച്ചു മടങ്ങുന്നവരാണ്" (തിർമിദി, ഇബ്നുമാജ, അഹ്മദ്).

വിശുദ്ധ ക്വുർആൻ പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം. അല്ലാഹു പ്രവാചകനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും അപമാനിക്കാത്ത ദിവസത്തിൽ..." (ക്വുർആൻ 66:8).

സത്യവിശ്വാസി ഉൾക്കൊണ്ട തൗഹീദിന്റെ താൽപര്യമാണ് പാപമോചനത്തിനു വേണ്ടി അല്ലാഹുവിനോട് നടത്തുന്ന അവന്റെ പ്രാർഥന. പ്രവാചകന്മാരെ അല്ലാഹു ശീലിപ്പിച്ച സമ്പ്രദായമാണത്. ക്വുർആനത് പഠിപ്പിക്കുന്നുണ്ട്:

"ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക)" (ക്വുർആൻ 47:19).

തനിക്കു വേണ്ടി മാത്രമല്ല, തന്നെപ്പോലെ പശ്ചാത്താപം ആവശ്യമായ എല്ലാ മുസ്‌ലിം സഹോദരങ്ങൾക്കു വേണ്ടിയും പ്രാർഥിക്കാനാണ് ക്വുർആൻ നിർദേശിക്കുന്നത്. ഈ സദ്ഗുണം ഓരോ മുസ്‌ലിമിന്റെയും ജീവിതത്തിലുണ്ടാകണം.

അന്യരുടെ പാപങ്ങളും വീഴ്ചകളുമൊക്കെ ചികഞ്ഞെടുക്കുകയും അവ പർവതീകരിച്ച് സമൂഹമധ്യെ പ്രചരിപ്പിക്കുകയും ചെയ്യുന്ന ചിലരെങ്കിലുമുണ്ട്. അത്തരക്കാർ പാപിക്ക് പശ്ചാത്തപിക്കാൻ സമയം നൽകാറില്ല. വീഴ്ച പറ്റിയവന്റെ പശ്ചാത്താപത്തെ മാനിക്കാനും തയ്യാറല്ല. തെറ്റുപറ്റിയെന്ന് തിരിച്ചറിഞ്ഞ് തൗബ ചെയ്ത സഹോദരന്റെ തൗബയെപ്പോലും കളിയാക്കുന്നവരും സമൂഹത്തിലുണ്ട്! യഥാർഥ വിശ്വാസിയുടെ സ്വഭാവമല്ല ഇതൊന്നും.

ജീവിതത്തിൽനിന്ന് രാപകലുകൾ യാത്രയായിക്കൊണ്ടിരിക്കുന്നു. പ്രഭാതത്തിൽ ഉണരാനാകുന്നതും രാത്രിയാകുവോളം ജീവിക്കാനാകുന്നതും അല്ലാഹുവിന്റെ ഔദാര്യമാണ് എന്ന് തിരിച്ചറിയുക. ഒരുദിവസത്തിലെ ജീവിത കർമങ്ങളിൽ അരുതാത്തവയൊന്നും സംഭവിച്ചിട്ടില്ലെന്ന് പറയാൻ നമുക്കുറപ്പില്ല. എങ്കിൽ, മാപ്പിരന്നുകൊണ്ടാകണം നമ്മുടെ ഉണർച്ചയും ഉറക്കവും.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

മക്കൾക്ക് വ്യവസ്ഥാപിതമായ
മതപഠനം നൽകാൻ
ആഗ്രഹിക്കുന്നുവോ?

SCHOOL OF Qur'an

جامعة الهند الإسلامية
JAMIA AL HIND AL ISLAMIYYA

# സ്കൂൾ ഓഫ് ഖുർആൻ



**പ്രാദേശിക സെന്ററുകളിലേക്കുള്ള
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

## സവിശേഷതകൾ

- 18 വർഷം നീണ്ടുനിൽക്കുന്ന തുടർച്ചയായ മതപഠനം
- തജ്‌വീദിൽ പരിശീലനം നേടിയ പരിചയസമ്പന്നരായ അധ്യാപകർ
- പഠന പ്രവർത്തനങ്ങൾക്ക് കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം
- ഹദീസ്, അറബി, അഖീദ, കർമ്മം, സ്വഭാവം, ഇസ്‌ലാമിക ചരിത്രം: നവീനരീതിയിൽ തയ്യാറാക്കിയ പഠന രീതികളും പഠന സാമഗ്രികളും
- രക്ഷിതാക്കൾക്ക് വ്യവസ്ഥാപിതമായ സിലബസ് അനുസരിച്ചുള്ള പാരന്റിങ് ക്ലാസുകളും മൂല്യ നിർണയവും
- വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് ഡെസ്ക് സൗകര്യം
- നൂർ ആപ്പ് : സൗജന്യ ഖുർആൻ മൊബൈൽ ആപ്പ്
- സ്കിൽ ഡെവലപ്മെന്റ് ആക്ടിവിറ്റികളോടെയുള്ള പ്രീസ്കൂൾ പഠനം
- ഖുർആൻ പാരായണം മികവുറ്റതാക്കാൻ അൽഖാഇദത്തുന്നൂറാനിയ്യ കോഴ്സ്
- ഓൺലൈൻ ഫോളോഅപ്പിനായി ട്രാക്കർ ആപ്ലിക്കേഷൻ

- നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- 2,3 ഗ്രേഡിലേക്ക് പ്രവേശന പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ഞായറാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

**അപേക്ഷകർ QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.**

**+91 86067 88882 | +91 75940 88003**

Head Office: Jamia Al-Hind Al-Islamiyya | Wadi Al Hikma
Jamia Campus | Mini Ootty | Oorakam| Malappuram | Kerala- 676519
www.schoolofquran.in  Info@schoolofquran.in

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
14 March2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

മൂല്യബോധമുള്ള തലമുറയ്ക്കായി
ജീവിത നൈപുണികളോടെ...

ശാന്തവും സുരക്ഷിതവുമായ പഠനാന്തരീക്ഷം.

GreenHome
Residential Campus For Boys & Girls
Std 5 to Std IX

2nd ADMISSION Selection Camp
11 2026 April Saturday 9:30AM-4PM

ഗ്രീൻ ഹോം പ്രത്യേകതകൾ:

- **അക്കാദമിക് മികവും മെന്ററിംഗും**:
  വ്യക്തിഗത ശ്രദ്ധ ഉറപ്പാക്കുന്ന മികച്ച മെന്ററിംഗ് സിസ്റ്റവും കൗൺസിലിംഗ് സൗകര്യങ്ങളും.
- **ധാർമിക വിദ്യാഭ്യാസം:**
  സ്കൂൾ പഠനത്തോടൊപ്പം ഖുർആൻ പഠനം, പ്രാർത്ഥനാ ശീലങ്ങൾ, മതബോധം എന്നിവയിൽ ഊന്നിയുള്ള ജീവിതക്രമം.
- **ഡിജിറ്റൽ ഡിറ്റോക്സ്:**
  മൊബൈൽ അഡിക്ഷനിൽ നിന്ന് മാറി നിൽക്കാം
- **സുരക്ഷിത ക്യാമ്പസ്:**
  സൽസ്വഭാവവും ആത്മവിശ്വാസവും വളർത്താനുതകുന്ന സ്വസ്ഥമായ താമസ-പഠന സൗകര്യം
- **കഴിവുകളുടെ വികാസം:**
  കല, കായികം, ലീഡർഷിപ്പ് പരിശീലനങ്ങൾ. കൂടാതെ പീസ് റേഡിയോയിലൂടെ ആശയവിനിമയ മികവ് വളർത്താൻ പ്രത്യേക അവസരം.





GREEN HOME
RESIDENTIAL CAMPUS

GREEN VALLEY
PUBLIC SCHOOL

91 9061 716 600
91 9061 786 600, 91 9061 746 600

Green Valley Campus, P.O.Nellikkaparamba, Mukkam, Kozhikode E-mail: info@greenvalleycampus.com | www.greenvalleycampus.com